T62
T37

# മാൎത്താണ്ഡമാതാ

ജോൺ പീററർ തോട്ടം ബി. ഏ.,

T62
T37

# മാൎത്താണ്ഡമാതാ

ഒരു ഗദ്യ നാടകം.

ഗ്രന്ഥകൎത്താ

ജോൺ പീററർ തോട്ടം ബി. ഏ.,

ഒന്നാം പതിപ്പ് കാപ്പി 2000

വിലാസിനി പബ്ലിഷിംഗ് ഹൌസ്.
തിരുവനന്തപുരം

[വില ചക്രം ൪.

ഉടമസ്ഥന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമാകുന്നു.

തിരുവിതാംകൂർ മെയിൽ പ്രസ്സ്, തിരുവനന്തപുരം.

XK24
John Peter Thottam
T62/T37
SACRED HEART'S MONASTERY MANNANACHERRY CANCELLED
BANGALORE 134
DHARMARAM COLLEGE LIBRARY BANGALORE 3899

# അവതാരിക.

---

മാർത്താണ്ഡമാതാ എന്ന ഈ ഗ്രന്ഥം അവതരിപ്പിക്കുവാൻ എനിക്കു സന്തോഷമുണ്ടു്. ആദരണീയമായ സാഹിത്യപരിശ്രമം ചെയ്തു പോരുന്ന ഒരു യുവാവെന്നു മുമ്പുതന്നെ എനിക്കു ബഹുമാനമുള്ള മി: ജോൺ പീററർതോട്ടം ബി. എ. എഴുതിയ ഈ നാടകം സരസമായ ഗദ്യമെഴുതുവാനും സന്ദർഭങ്ങളനുസരിച്ചു് സ്തോഭങ്ങളെ ഉത്തേജിപ്പിക്കുവാനും അദ്ദേഹത്തിനുള്ള പാടവത്തെ പ്രഖ്യാപനം ചെയ്യുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവു് എട്ടുവീട്ടിൽ പിള്ളമാരെ ഭയന്നു് അജ്ഞാതവാസം ചെയ്ത നാളുകളിൽ ഇന്നും പ്രസിദ്ധമായ നെല്ലിമൂട്ടിൽ ഭവനത്തിൽ സത്കൃതനായ പ്രസിദ്ധമായ സംഭവമാണു് ഈ നാടകത്തിന്റെ വിഷയം. സ്വഭാവതഃ വികാരോത്തേജകമായ പ്രസ്തുതസംഭവം മി: പീറററിന്റെ തൂലികയിൽ കയറി ഇറങ്ങിയ സമയം രാജഭക്തന്മാരിലും കഥാപരായണന്മാരിലും പുളകോത്സവം ജനിപ്പിക്കുന്ന ഒരു ലഘുഗ്രന്ഥമായി പരിണമിച്ചിരിക്കുന്നു. യുവരാജാവു്, കൊച്ചിരവി, നമ്പൂരി, ആണ്ടാച്ചിയമ്മ മുതലായ കഥാപാത്രങ്ങൾ ഈ ഗ്രന്ഥത്തിൽ വളരെത്തെളിഞ്ഞിട്ടുണ്ടു്. കഥാഗാത്രത്തിനു ആധാരമായ ഉണ്ണൂണ്ണിയമ്മ—മാർത്താണ്ഡമാതാവു്—അവസ്ഥാഭേദങ്ങൾ നിമിത്തം രംഗത്തു പ്രകടനം ചെയ്യുന്ന വികാരഭേദങ്ങൾ പലഘട്ടങ്ങളിലും മർമ്മസ്പൃക്കുകളാണു്. രാജഭക്തിയും രാജ്യാഭിമാനവും പൌരന്മാരിൽ മുളച്ചുവരുന്നതിനു ആവശ്യമായ ചരിത്രഘട്ടങ്ങളെ ആദരണീയമായ സാഹിത്യരൂപങ്ങളിൽ അവതരിപ്പിക്കുന്നതിനു മി: പീററർ ചെയ്യുന്ന പരിശ്രമം സ്ഥാനസ്ഥിതമാണെന്നും പ്രസ്തുത പരിശ്രമം ഫലപ്രദായകമാകുമാറു് മി: പീററർ അന്വേഷണവും സാഹിത്യസമർത്ഥതയും ഉള്ള ആളാണെന്നും ഈ ഗ്രന്ഥം വായിക്കുന്ന ആരും സമ്മതിക്കും. ലളിതമായ ഭാഷയിൽ—ആശയങ്ങൾ കലുഷത ഒഴിഞ്ഞു്—വികാരോത്തേജനം വർദ്ധമാനമായിച്ചേരുന്ന ഈ ഗദ്യനാടകം സർവ്വജനീനമാകുമെന്നുള്ളതിനെക്കുറിച്ചു് എനിക്കു യാതൊരു സംശയവുമില്ല. മി. പീറററിന്റെ സാഹിത്യപരായണതയെ ഞാൻ വളരെ അഭിനന്ദിക്കുന്നു.

പുതുപ്പള്ളി
19-5-33

റാവു സാഹിബ് ഒ. എം. ചെറിയാൻ.

# മാർത്താണ്ഡമാതാ

അഥവാ

## നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി.

([illegible])

S. H. SCHOLASTICATE
CHANGANACHERRY.
CHETHIPUZHA.

## രംഗം I

## സീൻ I

(എട്ടുവീട്ടിൽപിള്ളമാരിൽ ഏഴുപേരും മൂന്നുപോറ്റിമാരും സംഘം കൂടിയിരിക്കുന്നു.)

രാമനാമഠം: ഫിന്നെ-ഇട്ടഴെന്തുപഴയുന്നു?

കഴക്കൂട്ടം: എന്തുപറവാനാണ് നമ്മുടെ വീട്ടിൽ കണ്ടവൻ കാര്യം നടത്തുന്നതു കണ്ടുകൊണ്ട് അടങ്ങി ഇരിക്കുവാനോ?

കുളച്ചൽ: എങ്കിൽ നായന്മാർ പിന്നെ ചുണകെട്ട നായ്കളാണെന്നു സമ്മതിക്കയാണുത്തമം.

കുടമൺ: ഈ രാജ്യം ഇന്നു നമ്മുടെവകയാണ് ഭരിപ്പാനും ഭരിപ്പിപ്പാനും നാം ഇന്നു ആളുതന്നെ. നമ്മുടെ അനുമതിയോ ആനുകൂല്യമോ കൂടാതെ ഒരു കോമരം ഇന്നു വേണാട്ടുസിംഹാസനത്തിൽ ആസനമുറപ്പിച്ചിരിക്കയോ! അങ്ങിനെ സംഭവിക്കുന്നു എങ്കിൽ പിന്നെ നായന്മാരെല്ലാം നായ്ക്കോലം കെട്ടി നാടുവിട്ടുപൊയ്ക്കൊള്ളുകയാണുത്തമം.

<u>പള്ളിച്ചൽ:</u> കീഴ്നടപ്പുനോക്കിയാലും രാജാവിനു അരയോഗത്തിൻെറ അവകാശാധികാരങ്ങളേയുള്ളൂ. ഈ മാമൂലിനെ അവഗണിച്ച വല്ലവരും വന്നു ചൊല്പടിക്കെളപ്പാ, മുടിയും ചെങ്കോലും വയ്ക്കപ്പാ എന്നെല്ലാം പറഞ്ഞാൽ കേൾപ്പാനിരിക്കുന്നതാരു്?

<u>രാമനാമഠം:</u> ഹന്തല്ല അണ്ണാ ഞാനും പഴേണസ്. ഹസ്സും ഒഴ ഉച്ചിഹൊഴക്കൊസ്സ് പേട്ട ഹൊഴന്തു! ഹ്ഹം!!

<u>കുളത്തൂർ:</u> ആ മുരടനുണ്ണി സിംഹാസനത്തിലിരിക്കുവാൻ നായർ സിരകളിൽ രക്തമുള്ളിടത്തോളംകാലം നാമനുവദിക്കരുതു്. തമ്പിഅങ്ങുന്നോ നമ്മിൽ ആരെങ്കിലുമോ രാജ്യം ഭരിക്കേണ്ടതെന്നു പിന്നീടു തീരുമാനിക്കാം.

<u>കുടമൺ:</u> പേത്തുതമ്പിഅങ്ങുന്നോടാ, ഉശിരും ചുണയുമുള്ള നായർ പിള്ളേരില്ലാഞ്ഞിട്ടോ ഈ ആട്ടക്കാരിയുടെ മക്കളൊക്കെ വേണാട്ടുസിംഹാസനത്തിൽ ഉന്തക്കയറുന്നതു്?

<u>ചെമ്പഴന്തി:</u> രാമനാമഠത്തിലങ്ങത്തേ അനന്തിരവരു കുട്ടികൾ നല്ല യോഗ്യന്മാരില്ലാഞ്ഞിട്ടുവേണ്ടേ പാണ്ടിത്തേവടിശ്ശിയുടെ മക്കൾക്കു രാജ്യം തീറുകുത്താൻ!

<u>ഒരു പോററി.</u> ശിവശിവ, ഇക്ഷയായി, ഈ രാജ്യം ശ്രീ പരശുരാമൻ ഞങ്ങൾ ബ്രാഹ്മണർക്കു ഉദകപൂർവ്വം ദാനം ചെയ്തിട്ടുള്ളതാണു്. അവരാൽ നിയുക്തരായ ബ്രാഹ്മണരാജാക്കന്മാർതന്നെയാണു് അമ്പലപ്പുഴയും മററും ഇന്നും രാജ്യം ഭരിക്കുന്നതു്. ഈ അക്രമിയായ യുവരാജാവിൽ നിന്നും രാജ്യം തിരിച്ചെടുത്തു ഞങ്ങളേ തന്നെ ഏല്പിക്കണം. ബ്രഹ്മസ്വം മുതൽ അപഹരിച്ചാൽ ഈശ്വരാധീനമേ ഉണ്ടാവില്ല.

കുളച്ചൽ: ഏയ്, പൂണൂലും ധരിച്ചു് മന്ത്രം ജപിച്ചുകൊണ്ടു നടക്കുന്ന പരിഷകളോ രാജ്യം ഭരിക്കുവാൻ കേമമായി.

മറെറാരുപോററി: ശാസ്ത്രവിധി എന്തെന്നു കുളച്ചലിന്നറിയാമോ? ശൂദ്രൻ രാജ്യഭരണത്തിനല്ല വിധിക്കപ്പെട്ടിരിക്കുന്നതു്.

കഴക്കൂട്ടം: അതു ബ്രാഹ്മണക്കും വിധിക്കപ്പെട്ടിട്ടില്ലല്ലോ. അവർ വൈദികരായിരിക്കണമെന്നാണു വിധി.

മൂന്നാമൻ പോററി: ശ്രീ പരശുരാമൻ അതറിഞ്ഞുകൊണ്ടുതന്നെയാണല്ലോ കേരളം ഞങ്ങൾക്കു ദാനം ചെയ്തതു്. അന്നു ഭരണകാര്യത്തിനു ശൂദ്രർ എന്ന ദ്രോഹം വിധിച്ചിട്ടല്ല.

രാമനാമഠം: ഹസ്സാ ഇസ്സും പഴഞ്ഞു സമേം ഹളയാസെ വേണ്ടും ഹാഴിയം ഹെന്തെന്നു ഫഴവിൻ ഹൂട്ടഴേ. ആ മാഴണസ്സിനെ പിഴിച്ചു ഹൂഴതി ഹഴിച്ചിട്ടു ബാക്കി ഹാഴിയങ്ങളൊക്കെ ഫഴയാം.

ചെമ്പഴന്തി: അതെ, ആ കാടുകയറി നടക്കുന്ന ബാധയെ കുറുക്കുന്നതിനുള്ള വഴിയാലോചിപ്പാനല്ലേ നമ്മൾ കൂടിയിരിക്കുന്നതു്. അതിനൊരു പോംവഴി നിശ്ചയിക്കയാണു് നാം ആദ്യമായി ചെയ്യേണ്ടതു്.

പള്ളിച്ചൽ: അന്നേ, അന്നു ആദിത്യവർമ്മയേ ആയുസ്സറുംമുമ്പു കാലന്തുക്കയക്കാനും കൊട്ടാരം ചുട്ടു ചാമ്പലാക്കാനും അഞ്ചുണ്ണികളെ ആഴക്കുവെള്ളത്തിൽ മുക്കിക്കൊല്ലുവാനും വിരുതുപെററ ഈ വീരശിരോമണികൾക്കു

ഒരു പണമിട പാഷാണം പോട്ടുന്നതിലോ വലിയ പ്രയാസം. ഒരു കുട്ടിപ്പട്ടരെ ഏല്പിക്കേണ്ട കാര്യമല്ലേയുള്ളൂ.

കുളച്ചൽ: അതു കൊട്ടാരത്തിൽ ഊണുമുറക്കവുമുണ്ടെങ്കിലല്ലേ സാധിക്കയുള്ളൂ. കാട്ടുകയറി നടക്കുന്ന നരിയെ പിടിക്കാൻ റോട്ടിൽ കുരുക്കുവച്ചാലാവുമോ?

രാമനാമഠം: ത്ഫലവിശണമെഴാ, സ്ഥല വിശണം. പൊന്നും കിഴിടം വക്കാൻ കൊസി തുള്ളുന്ന ആ മരഥല ഹിന്നു ഴാമനാമഴത്തിന്റെ അഴപ്പുഴ വാസക്കെഥൃക്കാതെ ഴാമനാമഴമഴങ്ങുവോട--ഫ—ഹ—ഹ.

ഒരു പോററി: ഞാൻ പറയുന്നതു കേൾക്കൂ രാമനാമഠം. രാജകുമാരനല്ലേ. നാം നേരിട്ടു കുലപ്പെടുത്തി എന്നറിഞ്ഞാൽ കലാപമുണ്ടാകും. നായന്മാരും നമ്പിമൊക്കെ പോരെങ്കിൽ സേവയുണ്ടെന്നുമാണ് സംസാരം. അതുകൊണ്ടു പള്ളിക്കുറുപ്പുചെയ്യുന്ന സ്ഥലം മനസ്സിലാക്കി നമുക്കു തീവച്ചുകളയാം. നാം ചെയ്തുവെന്നു വരികയുമില്ല. ഇങ്ങിനി സൂക്ഷിക്കല്ലേ ഉത്തമം?

രണ്ടാമൻ പോററി: ആ അസുരവിത്തു നന്നേ വിളഞ്ഞതെന്നാണു കേൾവി. ആ മാർത്താണ്ഡപിള്ളയുടെ മകൾ പെണ്ണുണ്ടല്ലോ, ചുള്ളിയിലെ ആ മേനക, അവളുമായി വലിയ കൂട്ടെന്നാണ് കേൾവി. മാർത്താണ്ഡപിള്ളയേ ഏറ്റ്പ്പാട്ടു ചെയ്താൽ അവളേക്കൊണ്ടു പണി പററിക്കരുതേ?

കുളച്ചൽ: എന്തിനു അത്ര ക്ലേശിക്കുന്നു? രാമനാമഠത്തിലങ്ങത്തെ അനന്തിരവൾ ആ സുഭദ്രയുടെ പിറകേ നായിന്റെ കൂട്ടു നടക്കുന്നു എന്നാണല്ലോ ആളുകൾ പറയുന്നതു്. ഒന്നിത്തിരി കടാക്ഷിച്ചേക്കാൻ രാമനാമഠത്തി

ലങ്ങുന്ന പറഞ്ഞേച്ചാൽ എല്ലാം ഭദ്രമായി. അവിടത്തെ വാൾമുനയിൽ കൊണ്ടത്തരുവാൻ സുഭദ്ര വിചാരിച്ചാൽ സാധിക്കും.

രാമനാമഠം. ഹാ ഫെണ്ണു മോയം—മോയം. ഹവള് ആ കോമഴത്തിന്റെ മേനിഗിനക്കം ഹണ്ടു തേവനേ ഫോലെ ഹല്ലശ്രോവൂയിക്കിണെ ഹൂം—ഞാൻ എസ്തൂഴ പഴഞ്ഞു നോക്കി. ഹസു നോക്കയേ വേണ്ട.

കഴക്കൂട്ടം. അതൊന്നും നടപ്പുള്ള കാൎയ്യങ്ങളല്ല. നമ്മൾ ആണുങ്ങളെങ്കിൽ ആ ജനദ്രോഹിയുടെ തല ഇന്നേക്കു ഏഴുദിവസത്തിനകം കൊയ്യണം. അതിനു വിഷവും, പെണ്ണും, അഗ്നിയും ഒന്നും ക്ഷിപ്രസാദ്ധ്യമായ മാൎഗ്ഗങ്ങളാണെന്നു എനിക്കു ബോദ്ധ്യമില്ല. നാം ഓരോരുത്തരും ഇപ്പോൾ സത്യം ചെയ്തു പിരിയണം. യുവരാജാവിന്റെ തല ഇന്നേക്കു ഏഴു ദിവസത്തിനകം ഈ യോഗത്തിന്റെ മുമ്പാകെ സമൎപ്പിച്ചു കൊള്ളാമെന്നു നാമോരോരുത്തരും അഗ്നിസാക്ഷിയായി സത്യം ചെയ്യണം.

രാമനാമഠം. ഹസു പഴയെഴാ—ഹസാണ് ആണുങ്ങക്കു ചേഴ്ന്ന ഹാഴിയം.

പള്ളിച്ചൽ. നായന്മാരുടെ ഉശിരും ചുണയും കാണിക്കേണ്ടതിപ്പോഴാണ് (ഖഡ്ഗമൂരി എരിഞ്ഞു നില്ക്കുന്ന ദീപത്തിന്റെ മുകളിൽ പിടിച്ചു കൊണ്ട്) ഞാൻ പള്ളിച്ചൽ പിള്ളയാണെങ്കിൽ ഇന്നേക്ക് ഏഴുദിവസത്തിനകം കൊച്ചുതമ്പുരാന്റെ തല ഈ യോഗസമക്ഷം സമൎപ്പിക്കുന്നതിനു ആളു കൊണ്ടോ, അൎത്ഥം കൊണ്ടോ, എന്നാൽ പാടുള്ള സകല യത്നങ്ങളും ചെയ്യുന്നതാണെന്ന് ഖഡ്ഗമുഷ്ടിയായി അഗ്നിസാക്ഷിയായി സത്യം

ചെയ്യുന്നു, സത്യം, സത്യം, സത്യം.

(എല്ലാവരും എഴുന്നേററു ഖഡ്ഗമൂരി ദീപത്തിന്റെ മുകളിൽ പിടിച്ചു കൊണ്ടു് സത്യവാചകം ഒരുമിച്ചുച്ചരിക്കുന്നു.)

കർട്ടൻ.

## സീൻ II

(ഊരിപ്പിടിച്ച ഖഡ്ഗത്തോടുകൂടി രാമനാമഠത്തിൽ പിള്ളയും ആയുധധാരികളായ ആറേഴു അനുചരന്മാരും പ്രവേശിക്കുന്നു.)

രാമനാമഠം: എഴാ തിഴമണ്ടമ്മാരെഴെ— ആ കൊനട്ടുക്കഴുക്കു എസിലേ ഉഴണ്ടു പോയ്യൂട്ടെഴാ? ഇതെന്തൊഴു ഏഴഴാണ്ടഞ്ചെനിയാണ്ഴാ ഹ്ഹൂട്ടഴേ? പൊത്തിപ്പിടിച്ച കയ്യിന്റെ അഹത്തൂന്നു ആ കുട്ടിപ്പൂതം ആവിയായിട്ടു ആഹായത്തൂ പഴന്നു പോയ്യൂട്ടോ? ഹ—ഹ—ഹ—മോയം മോയം.

ഒരുവൻ: ക്ഷേത്രത്തിലുണ്ടെന്നറിഞ്ഞു ഞങ്ങൾ ക്ഷേത്രം വളഞ്ഞു. അതിൽ പിന്നീടു പുറത്തുപോയിരിക്കുവാൻ ഇടയില്ല. പക്ഷെ അവിടെ എല്ലാം തലകീഴു മറിച്ചിട്ടും തമ്പുരാന്റെ ഒരു പൊടിപോലും കണ്ടുകിട്ടിയില്ല.

രണ്ടാമൻ: ഞങ്ങൾ ക്ഷേത്രം വളയുന്നതിനു മുൻപു തന്നെ കടന്നിരിക്കണം.

മൂന്നാമൻ: വല്ല നമ്പൂരി ഉണ്ണികളേയും അവിടെ ഞാൻ കണ്ടിട്ടു കഴക്കൂട്ടത്തുള്ളവരു തമ്പുരാനെന്നു തെററിധരിച്ചതായിരിക്കണം.

രാമനാമഠം: ശ്ശ്യം—ഫേതു തമ്പുഴാനെഴാ? ഴാമനനാമഴമല്ലാതെ ഫിന്ന തമ്പുഴാനേസ്? നീ—നിൻെറ —തമ്പുഴാനോ ഫോമട്ടീ.

നാലാമൻ: ഏതായാലും കാട്ടു വളഞ്ഞു കല്ലും മുള്ളും ചവിട്ടിയതുതന്നെ മിച്ചം. പന്നി പമ്പ കടന്നു.

രാമനാമഠം: ഫെന്നിട്ടു ഫഴക്കൂട്ടവും മററും എസിലേ ഫോയി?

രണ്ടാമൻ: അവർ നേരെ പത്മനാഭപുരത്തേക്കു പോയിരിക്കയാണു്. അവിടെ കററിക്കോട്ടു കവല്ലിന്റെ സഖ്യത ഉണ്ണികളുണ്ടെന്നും മിക്കവാറും അവിടങ്ങളിലാണു് കഴിച്ചുകൂട്ടുന്നതെന്നും ആരോ പറഞ്ഞു കേട്ടു.

അഞ്ചാമൻ: ഒരു കൂട്ടർ വടക്കോട്ടും പുറപ്പെട്ടിട്ടുണ്ടു്. റാണിയും ചെറുണ്ണിയും വഞ്ചിപ്പുഴയുടെ സംരക്ഷണയിലുണ്ടെന്നു കേട്ടു.

രാമനാമഠം: ഉശിഴഫെട്ട പരിഴ. നായിൻെറ ഹൂട്ട നനഞ്ഞു നഴക്കാനല്ലാസെ ഒഴ വഹക്കു ഫൊള്ളൂല്ല.

ആറാമൻ: ഇങ്ങിനെ ഓരോന്നു പറഞ്ഞുകൊണ്ടു് നിന്നാൽ സംഗതികൾ നടപ്പില്ല. കുരുന്നിലേ നുള്ളാൻ വിരൽ മതി. അല്പം മൂത്താൽ മഴുതന്നെ വേണ്ടിവരും.

ഏഴാമൻ: നമ്മൾ പല സംഘങ്ങളായി പിരിഞ്ഞു ഓരോ വഴിക്കു തിരിക്കാം. കുരുക്കിൽ പെടാതെ എവിടെ പോകുന്നെന്നേ!

രാമനാമഠം: ബലേടാബേഴ്. ഹതുതന്നെ ഞാനും പഴേണേ. ഹവന്റെ ഫല ഫൊയ്യാതെ ഴാമനാമഴം ഊഴിയ ഈറ വാൾ ഉഴയിലിഴൂല്ല. ഴാമനാമഴമാണു പഴേ

ണതു്. തിഴിഞ്ഞോ. നീലമ്പിള്ള തിഴുവനന്തപുഴത്തു ശെന്നു ഫെട്ടു പഞ്ഞാളേ ഫ്ലുടിക്കൂട്ടി ഫനഴേ വഴക്കോട്ടു പുഴപ്പെഴണം നിങ്ങളി ഴണ്ടു പേഴു നെയ്യാററിങ്കഴക്കം, ഴണ്ടുപേഴു നെട്ടുമങ്ങാട്ടുക്കം ബാക്കിയുള്ളവഴ് ഇവ ഴങ്ങളിലെ ഫാട്ടുഫളിലും തിഴയണം. തിഴിഞ്ഞോ? ഫ്ലുററിയും ഫാട്ടുംഞ്ഞൊഴ്വേ തിഴഞ്ഞാ ഫയ്യിലിഴന്നു പിഴക്കം ഫ്ലുട്ടഴേ. ഫപ്പും ഫാടിച്ചൊന്നു ഫമക്കിയാ മുടിച്ചുടാനുള്ള ഫലപൊടിഫസ്സും.

നാലാമൻ:

ഓടിവാടാ കുട്ടിച്ചാത്താ, കുഞ്ഞാതിത്തേവാ
ചാടിവാടാ ചാപംപേറി ചാത്തുരക്കണ്ടോ.

(എല്ലാവരും കൂടി) ഓടിവാടാ..................... കണ്ടോ

കാട്ടിലൊരു പുലിയുണ്ടു വേട്ടയാടുവാൻ
പോട്ടിലൊരു കിളിയുണ്ടു കേളിയാടുവാൻ
ഓടി...........

കല്ലിടയും കാനനവും തിരഞ്ഞീടേണം
വല്ലിടവും കാണുന്നാകി വെട്ടുന്നിടേണം
ഓടി...........

നീരൊലിനാം കലക്കേണമരിച്ചീടേണം
നേർമലനാം മുറിക്കേണം തകർത്തീടേണം
ഓടി.........

നാട്ടുടയ തമ്പുരാനേ പിടിച്ചീടേണം
കാട്ടീടേണം കരബലപുഷ്ടിയീനാമ്മൾ
ഓടി.........

(എല്ലാവരും പാടിക്കൊണ്ടു ഖഡ്ഗധാരികളായി നാലുപാടും പായുന്നു.)

കട്ടൻ.

# സീൻ III

(യുവരാജാവു് ഒരു വൃക്ഷത്തിൽ ചാരിഇരുന്നു കൊണ്ടും, കൊച്ചിരവി ചമ്രമിട്ടിരുന്നു കാൽമുട്ടുകളിൽ ഊന്നിയ കൈയിൽ സംഭ്രമായ തലയെ താങ്ങിക്കൊണ്ടും, നമ്പൂതിരി അർദ്ധശയനാവസ്ഥയിൽ നിദ്രാവശനായും പ്രത്യക്ഷപ്പെടുന്നു.)

യുവരാജാവു്: കൊച്ചിരവീ.

കൊച്ചിരവി: അടിയൻ. (വിചാരമഗ്നതയിൽ നിന്നുമുണന്നു തലയേ പൊന്തിച്ചു കൊണ്ടു്) പൊന്നുതിരുമേനീ, ഇതുവലിയ സങ്കടമാണു്; നേരം അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു. ഇനിയെങ്കിലും അല്പമൊന്നു പള്ളിയുറങ്ങാഞ്ഞാലോ? ഈ പൊൻതിരുമെയ്യിൽ തറയിലെ കല്ലുകരടുകൾ തറക്കുമെന്നു ശങ്കവേണ്ട. ഇതാ പരിവട്ടത്തോർത്തു തറയിൽ വിരിക്കാം. അടിയന്റെ മടിയിൽ തിരുശിരസ്സു ചായിച്ചു് അല്പമൊന്നു പള്ളിക്കുറുപ്പുകൊണ്ടാൽ ക്ഷീണം ഒട്ടൊന്നു നീങ്ങുമായിരുന്നു.

യുവരാജാ: ഇല്ല. എനിക്കു അശേഷം ഉറക്കം വരുന്നില്ല. നീ ഉറങ്ങാതെ ഇരുന്നു ബുദ്ധിമുട്ടേണ്ട എന്നു പറവാനാണു് വിളിച്ചതു്. വെളുപ്പാൻ ഇനിയും സമയമുണ്ടു്. കൊച്ചിരവി ഒന്നു തലചായിച്ചു കൊള്ളണം. വല്ലതും ആപത്ശങ്ക തോന്നിയാൽ വിളിച്ചു കൊള്ളാം.

കൊച്ചിര. (ആത്മഗതം) ഇതെന്തുവിഷമം. ഈ കഷ്ടപ്പാടിലും അതിരു കടന്ന ആശ്രിതവാത്സല്യം. വല്ലതും കാശ്ശനികം കിട്ടിയാലും ഈയുള്ളവരുടെ കുക്ഷി നിറഞ്ഞെങ്കിലേ അവിടത്തേക്കു സൌഖ്യമുള്ളു.

പള്ളിയുറക്കവും അങ്ങിനെതന്നെ. തിരുമനസ്സിലേക്കു ഉറക്കവുമില്ല ക്ഷീണവുമില്ല. (പ്രകാശം) തിരുമേനി, പൊന്നുടയവരേ, ദുഃഷ്ടന്മാരുടെ കാലഖഡ്ഗമുനയിൽ കിടന്നു പ്രാണവേദനയോടെ പിടയുന്ന അവിടത്തെ പ്രജാലക്ഷത്തെ ഓൎത്തില്ലെങ്കിലും ഈ തങ്കതിരുമേനി ഇങ്ങിനെ കഷ്ടപ്പെടുവാൻ കല്പിച്ചനുവദിക്കരുതേ. ഇങ്ങിനെ പള്ളിക്കുറുപ്പും അമൃതേത്തും ഇല്ലാതായാൽ തിരുമനസ്സിലേയും അടിയങ്ങളുടേയും ക്ലേശങ്ങൾ നിഷ്ഫലമാകയേയുള്ളു.

യുവരാ. (കൊച്ചിരവിയെ സൂക്ഷിച്ചു നോക്കികൊണ്ടു്) അതേ, ആ ഒരു ചിന്തകൊണ്ടുതന്നെയാണു് എനിക്കു ഊണും ഉറക്കവുമില്ലാത്തതു്. വാസ്തവത്തിൽ എനിക്കു ഉറക്കക്ഷീണം അശേഷം തോന്നുന്നില്ല.

കൊച്ചിര. അതാ തിരുമനസ്സിലെ തൊണ്ട വരളുന്നതുപോലെ തോന്നുന്നു. തിരുനാവു കുഴഞ്ഞിട്ടു വാക്കുകൾ വ്യക്തമാകുന്നില്ല. ഇതാ, പകൽ അടിയൻ ശേഖരിച്ച കാട്ടുകനികളിൽ കുറേ ബാക്കിയുണ്ടു്. അവയെങ്കിലും അമൃതേത്തു കഴിച്ചെങ്കിൽ.........

യുവരാ. (ആത്മഗതം) സാധു, അതു അവനു് ലഭിച്ചുവീതം സൂക്ഷിച്ചിരിക്കുന്നതാണു് സംശയമില്ല. ഈശ്വരാ, രാജഭക്തി തുളുമ്പുന്ന ഇതും ഒരു നായർ ഹൃദയം തന്നെയാണല്ലൊ. എന്നെ രാപ്പകൽ വേട്ടയാടികൊണ്ടു നടക്കുന്നതും ഇക്കൂട്ടർ തന്നെയാണല്ലൊ. എന്തൊരന്തരം (പ്രകാശം) കൊച്ചിരവി, നേരത്തെ ധാരാളം കാകനികൾ തിന്നതുകൊണ്ടു അശേഷം വിശപ്പുതോന്നുന്നില്ലെന്നുതന്നെയല്ല ദാഹവും കലശലായിരിക്കുന്നു. അടുത്തു അരുവികൾ വല്ലതുമുണ്ടായിരുന്നെങ്കിൽ.

കൊച്ചിര. (ആത്മഗതം) കഷ്ടം, പത്മനാഭാ, തിരുമനസ്സിലെ പൂർവ്വികന്മാരുടെ സുകൃതഫലം തിരുമനസ്സിലേക്കു ഇങ്ങിനെയോ അനുഭവപ്പെടുന്നതു്! കനക നിർമ്മിതമായസപ്രമഞ്ചത്തിൽ പരിമളലേപനം ചെയ്ത ഹംസതൂലികാതല്പത്തിൽ പരിജനങ്ങളാരു ആവൃതനായി സുഖശയനം ചെയ്യേണ്ട തിരുമേനി ഇതാ ഈ അർദ്ധരാത്രിസമയത്തു ഈ കൊടുംകാട്ടിൽ കണ്ട കപൂരിതമായ ഈ നറുംതറയിൽ വന്യമൃഗങ്ങളാൽ പരിസേവിതനായി നിദ്രാഹീനനായി ശയിക്കുന്നു. പഞ്ചാമൃതം തന്നെയും അമൃതേത്തിനു അപഥ്യമായി കരുതേണ്ട അവിടുന്നു് കാട്ടുകനികൾ ഭുജിച്ചും പൈദാഹങ്ങളാൽ കായം തളൎന്നും നാവുവരണ്ടും വലയുന്നു. ജഗന്നാഥാ, ഈ ദുർദ്ദശ്നം അനുഭവിക്കുന്നതിനു വിധിച്ച അടിയൻെറ ദുർവ്വിധി ശപിക്കപ്പെട്ടതു തന്നെ (പ്രകാശം) തിരുമേനീ, അടുത്തെങ്ങും നീരുറവകൾ ഉള്ളതായി അടിയനറിവില്ല. ഈ സമയത്തും ഈ സ്ഥലത്തും തിരുമേനിയേ വിട്ടിട്ടു ഉറവ തേടി പോകുവാനും അടിയനുധൈര്യം തോന്നുന്നില്ല. ഈ ക്രൂരിരുട്ടിൽ വനാന്തരങ്ങളിൽ കൂടി നിന്തിരുവടിയേ കൂട്ടിക്കൊണ്ടു പുറപ്പെടുന്നതോ അതിലും സാഹസം. വല്ലവിധവും നാലാപൂനാഴിക കൂടികഴിഞ്ഞാൽ..................

യുവരാ. അതാ കോഴികൂകുന്നു. ഇനിയും പുലച്ചക്കു അധികമില്ല. ഇവിടെ അടുത്തെവിടയോ ആൾ പാർപ്പുണ്ടെന്നുള്ളതു തീച്ചതന്നെ.

നമ്പൂരി. (ശയനാവസ്ഥയിൽ) അയ്യോ, മാപാപ! ചതിക്കല്ലെ, ബ്രഹ്മഹത്യ, മാപാപി, അതെൻെറ ഉണ്ണി

യാണു്. (എന്നു് ആക്രോശിച്ചുകൊണ്ടു പിടച്ചെഴുന്നേല്ക്കുന്നു.)

യുവരാ: ഏയ്, നമ്പൂരി എന്തോ ദുഃസ്വപ്നം കണ്ടു പേടിച്ചു എന്നു തോന്നുന്നു.

കൊച്ചിര: അടിയൻ. തിരുമനസ്സിലേക്കു് എന്തോ ആപത്തു സംഭവിച്ചു എന്നായിരിക്കണം അദ്ദേഹം ക്നാവു കണ്ടതു്.

നമ്പൂരി: (പ്രാരവശ്യത്തോടുകൂടി ചുററും നോക്കിയിട്ടു്) ആയ്, അപ്പോൾ അതു വെറും ക്നാവായിരുന്നുവോ! ശിവശിവ, ഞാൻ വല്ലാതെ അമ്പരന്നുപോയി.

കൊച്ചിര: എന്താണു്, ആകാശമിടിഞ്ഞു വീണെന്നു ക്നാവുകണ്ടോ?

നമ്പൂരി: ഏയ്, നാലഞ്ചു മഹാപാപികൾ നമ്മെ വളഞ്ഞു തിരുമേനിയെ പിടികൂടീന്നു. ആവൂ, ഞാൻവിറച്ചുപോയി.

യുവരാ: ദുഃസ്വപ്നം കണ്ടു അല്പമൊന്നു ഭയപ്പെട്ടാലും വേണ്ടില്ല; നമ്പൂരി എങ്കിലും കുറെ ഒന്നുറങ്ങിയല്ലോ.

നമ്പൂരി: അപ്പോൾ ഈ ഭ്രാന്തൻ ഇത്ര സമയവും ഉറങ്ങുവാനനുവദിക്കാതെ തിരുമേനിയെ ശല്യപ്പെടുത്തുകയായിരുന്നുവോ? ഇക്ഷയായി.

കൊച്ചിര: (നമ്പൂരിയോടു്) ഞാൻ എത്ര അപേക്ഷിച്ചിട്ടും തിരുമനസ്സിൽ നിന്നും പള്ളിയുറക്കത്തിനു ഭാവമില്ല. എന്തു ചെയ്യാം.

യുവരാ: എത്രതന്നെ പണിപ്പെട്ടിട്ടും ഉറക്കം വരുന്നില്ല. ഞാൻ എന്തുചെയ്യട്ടെ.

നമ്പൂരി. അതാ നേരം പ്രഭാതം അടുത്തിരിക്കുന്നു. പെരുമീൻ എവിടെയായി എന്നു നോക്കണം. ഇനി നമ്മുടെ കാൎയ്യപരിപാടികൾ എന്തെല്ലാമാണു, എങ്ങോട്ടാണു പുറപ്പെടേണ്ടതു്, ഏതുവഴിക്കാണു് എന്നെല്ലാം നിശ്ചയിക്കണമല്ലോ.

കൊച്ചിര. ഒരു വാരത്തിനുള്ളിൽ രാമയ്യൻ റാണിയേയും കുമാരനേയും കൊണ്ടു് വഞ്ചിപ്പുഴ എത്തുമെന്നാണു് അന്നു പറഞ്ഞതു്. അപ്പോഴെക്കും നമ്മൾ അവിടെഎത്തിയാൽ രാമയ്യനുമായി ആലോചിച്ചു മേൽ വേണ്ട സംഗതികൾ നിശ്ചയിക്കാം. അതിനാൽ അങ്ങോട്ടുതന്നെ പുറപ്പെടുകയാണുത്തമം.

യുവരാ. എങ്ങോട്ടായാലും ഒരടി മുമ്പോട്ടു വയ്ക്കുവാൻ എന്നെക്കൊണ്ടാവില്ല. പോരെങ്കിൽ പകലത്തെ വെയിലും കടുകട്ടി. ഒന്നുകിൽ ഇവിടെ വല്ല വീടുകളിലും കയറി ഇന്നു വിശ്രമിക്കാം. അല്ലെങ്കിൽ വെയിൽ ചായുന്നതുവരെ നമുക്കു ഈ കാട്ടിൽതന്നെ കഴിച്ചുകൂട്ടാം.

കൊച്ചിര. ഇവിടെ കുടമൺ പിള്ളയുടെ ആളുകൾ ആരെല്ലാമോ ഉണ്ടു്. അതിനാൽ നിശ്ചയമില്ലാതെ നാം വല്ല വീട്ടിലും ചെന്നുകയറുന്നതു് അപകടമാണെന്നാണു അടിയനു തോന്നുന്നതു്.

നമ്പൂരി. അതുശരിയാണു്.

യുവരാ. നമ്മുടെ സുറിയാനികളുടെ വല്ല വീടുകളും ഇവിടങ്ങളിൽ കാണുമോ?

നമ്പൂരി. സുറിയാനികളുടെ ചില പള്ളികൾ ഈ ദിക്കിൽ എവിടെയോ മുൻപു കണ്ടിട്ടുള്ളതായി ഓൎമ്മയുണ്ടു. എവിടെ എന്നു ഇപ്പോൾ നല്ല ഓൎമ്മ വരുന്നില്ല.

കൊച്ചുരി. ഏതായാലും തിരുമനസ്സിലെ ആലസ്യം നീങ്ങാതെ യാത്ര ഭംഗിയല്ല. ഇതാ കിഴക്കു പ്രകാശം വീണു തുടങ്ങി. നമുക്കു കാട്ടിൽ നിന്നും പുറത്തിറങ്ങി ഇവിടത്തെ സ്ഥിതിഗതികൾ എന്തെല്ലാമെന്നു രഹസ്യമായി അന്വേഷിക്കാം.

(എല്ലാവരും പോകുന്നു.)

കർട്ടൻ

## സീൻ VI

(യുവരാജാവും അനുചരന്മാരും മാർഗ്ഗമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു)

കൊച്ചിര: തിരുമേനിയുടെ കാലുപതറുന്നല്ലൊ ഇടറിവിഴാതെ അടിയന്റെ ഭുജത്തിൽ പിടിച്ചിരുന്നെങ്കിൽ.

യുവരാ: സാരമില്ല. ചരലിൽ ചവട്ടിയിട്ടു അല്പം വേദന തോന്നിക്കുന്നു എന്നേയുള്ളൂ. ഞാൻ നടന്നുകൊള്ളാം.

നമ്പൂരി. കൊച്ചിരവി തിരുമേനിയുടെ കൂട്ടത്തിൽ ഇവിടെ അല്പം വിശ്രമിക്കണം. അതാ, ആ കേൾക്കുന്ന മണിനാദം വയലിലേക്കു കൊണ്ടുപോകുന്ന കാളകളുടേതാണ്. അതു പെരുവഴിയായതുകൊണ്ട് തിരുമേനികൂടി അങ്ങോട്ടെഴുന്നള്ളുണ്ട. ഞാൻ പോയി സ്ഥലത്തിന്റെ സ്ഥിതിഗതികൾ ചോദിച്ചുവരാം.

കൊച്ചിര. അതുകൊള്ളാം. വിശ്വസ്തന്മാരായ വല്ലവരുടേയും വീടുകൾ ഉണ്ടെങ്കിൽ പ്രത്യേകം ചോദിച്ചറിഞ്ഞുകൊണ്ടുവരണം.

നമ്പൂരി. ഇതാ വന്നുകഴിഞ്ഞു.

(പോകുന്നു.)

(യുവരാജാവും കൊച്ചിരവിയും കൂടി വിശ്രമിക്കുന്നതിനിടക്ക് ഒന്നു രണ്ടു മല്ലകായന്മാർ അല്പമകലെക്കൂടി ആ വഴിക്കു വരുന്നതു കണ്ടുകൊണ്ട്.)

കൊച്ചിര. തിരുമേനി, ഇതാ കുടമൺെറ ആളുക്കാരാണ് ആ വരുന്നതു്.

യുവരാ. (സൂക്ഷിച്ചു നോക്കിയിട്ട്) അതെ അവർ തന്നെ, കഠാരികഠം എല്ലാം കൈയിലുണ്ടല്ലൊ. ഒരെണ്ണം ഇങ്ങു തരൂ.

കൊച്ചിര. ബലം കൊണ്ടു നില്ക്കുക അസാദ്ധ്യമെന്നാണ് അടിയനു തോന്നുന്നതു്. എങ്കിലും വേണ്ടിവന്നാൽ (ഒരു കഠാരി തൻെറ അരക്കെട്ടിൽ ഭദ്രമാക്കിവച്ചുകൊണ്ടു മറെറാന്നു യുവരാജാവിനെ ഏല്പിക്കുന്നു.)

യുവരാ. വേണ്ടിവരാതെ മററു മാൎഗ്ഗമൊന്നും കാണുന്നില്ല. അവരുടെ ദൃഷ്ടിയിൽ പെടാതെ ഇനി തെററിപ്പിഴക്കുവാൻ സമയമില്ല. വരുന്നവരിൽ ഒന്നു മാൎത്താണ്ഡപിള്ളയാണ്. അയാഠംക്കു നമ്മെക്കണ്ടാൽ അറികയും ചെയ്യാം.

കൊച്ചിര. അടിയൻ വിടകൊള്ളുന്നതു് അല്പസമയത്തേക്കെങ്കിലും തിരുമേനി കേഠംക്കുമെങ്കിൽ കുഴപ്പങ്ങഠംക്കു ഇടവരുത്താതെ തെററിപ്പിഴക്കുവാൻ ഇനിയും മാൎഗ്ഗമുണ്ടു്. (അയാഠം തൻെറ രോമപ്പുതപ്പിനെ വിടുൎത്തു ആപാദചൂഡം മൂടിപ്പുതച്ചുകൊണ്ടു പറഞ്ഞു.)

(യുവരാജാവു് കൊച്ചിരവിയുടെ ആന്തരമെന്തെന്നു മനസ്സിലാകാതെ തുറിച്ചു നോക്കിക്കൊണ്ടു നില്ക്കുന്നു.)

കൊച്ചിര. അടിയൻ ഇതാ ഈ കല്ലിൻെറ മുക ളിൽ ഇരിക്കാം. തിരുമനസ്സിൽ നിന്നും ഈ പുതപ്പി ൻെറ അടിയിൽ അടിയൻെറ മുമ്പിലായി നിലത്തു പററി ഇരുന്നുകൊള്ളണം. (അയാൾ മൂടിപ്പുതച്ച പടി കല്ലിൽ ഇരുന്നുകൊണ്ടു് യുവരാജാവിനെ പിടിച്ചു പുതപ്പിൻെറ അടിയിൽ ഇരുത്തുന്നു. അനന്തരം രണ്ടു കൈകൊണ്ടും തലയെ താങ്ങിക്കൊണ്ടുക്ഷീണഭാവത്തിൽ നംമ്രമുഖനായി ഇരിക്കുന്നു.)

(പാന്ഥർ പ്രവേശിക്കുന്നു. അപരിചിതനെ കണ്ടു അടുത്തു ചെന്നിട്ടു്.)

ഒരുവൻ. നിങ്ങൾ ആരു്, എവിടെ നിന്നും വരുന്നു.

കൊച്ചിര. (ക്ഷീണഭാവത്തിൽ തല ഉയർത്തിക്കൊണ്ടു്) വീടു അല്പം വടക്കാണു്. ശാസ്താംകോട്ടവരെ പോയി മടങ്ങിവരികയാണു്.

ഇതരൻ: റഎന്താ ഇവിടെ ഇരിക്കുന്നതു്?

കൊച്ചിര: യാത്രക്ഷീണം കൊണ്ടു വിഷമിച്ചിരിക്കയാണു്.

മൂന്നാമൻ: ആവട്ടെ, ഒന്നുരണ്ടനുചരന്മാരോടു കൂടി പൂണൂൽ ധരിച്ച ഒരുണ്ണിയെ വഴിക്കെങ്ങാൻ കാണുകയുണ്ടായോ?

കൊച്ചിര. കൂട്ടത്തിൽ ഒരു നമ്പൂരിയും ഒരു നായരുമാണോ ഉള്ളതു്?

ഒരുവൻ: അതെ അതെ.

കൊച്ചിര: ഓഹോ, കണ്ടു കണ്ടു, ഒരു പത്തു പതിനാറു വയസ്സു പ്രായത്തിൽ കനകവർണ്ണത്തോടുകൂടിയ

ഒരുണ്ണിയും ശോഷിച്ചു ഉയരം കൂടിയ ഒരു നമ്പൂരിയും ഒരു നായരും കൂടി ഇന്നലെ സന്ധ്യയോടുകൂടി ശാസ്താംകോട്ട വഴി തെക്കോട്ടു പോകുന്നതുകണ്ടു. അവരാരാണു്? എന്താ പ്രത്യേകിച്ചു ചോദിച്ചതു്?

ഇതരൻ: ഒന്നുമില്ല, അവരെ ഒന്നു കാണണ്ടതുണ്ടു്. വരു രാമച്ചേട്ടാ, നമുക്കു ശാസ്താംകോട്ടക്കു തന്നെ നേരേ പോകാം. ഇന്നലേ രാത്രി അവിടെ ക്ഷേത്രത്തിൽ തന്നെ കഴിച്ചിരിക്കണം നേരത്തേ ചെന്നാൽ കയ്യിലിരുന്നു പിടക്കും.

(മൂന്നു പേരും പോകുന്നു)

(യുവരാജാവു പുറത്തു വരുന്നു.)

യുവരാ. ആരു പത്മനാഭാ, തെററിപ്പിഴച്ചു.

(വേറൊരു മാർഗ്ഗത്തിൽ കൂടി നമ്പൂരി ഓടിക്കിതച്ചു പ്രവേശിച്ചുകൊണ്ടു്) "ആവൂ പത്മനാഭാ, അങ്ങുതന്നെ തുണച്ചു. ആ മാർത്താണ്ഡനും കൂട്ടരുമല്ലേ ഇൗവഴി വന്നതു്! തിരുമേനിയെ കണ്ടിട്ടു് ആളറിഞ്ഞില്ലേ? ഞാൻ മലഞ്ചരിവു കയറുമ്പോഴം അവർ ഇടവഴിയിലേക്കിറങ്ങുന്നതു കണ്ടു് ഓടി പോരുകയായിരുന്നു.

യുവരാ: അതെ ഭഗവാൻതന്നെ രക്ഷിച്ചു അവർ എന്നെ കണ്ടതേയില്ല.

നമ്പൂരി: (അത്ഭുതപ്പെട്ടു മിഴിച്ചു നോക്കിക്കൊണ്ടു്) അവർ ഇൗ വഴിക്കല്ലേ വന്നതു്.

കൊച്ചിര: ഇതിലേതന്നെ കടന്നുപോയതു്.

നമ്പൂരി. എങ്കിൽ ആ ശനിയൻ തിരുമേനിയെ കണ്ടാൽ അറിയാതിരിക്കയില്ലല്ലോ.

കൊച്ചിര. അതെ. അവർ തിരുമേനിയെകണ്ടില്ലെന്നുള്ളതാണെ് യഥാൎത്ഥം. ഞാൻപുതപ്പുകൊണ്ടു് മൂടിപ്പുതച്ചു് ആ കല്ലിൽ ഇരുന്നു. തിരുമേനി പുതപ്പിനടിയിൽ നിലത്തുമിരുന്നു. മാൎത്താണ്ഡൻ കൂട്ടർ എന്നെകണ്ടു കുശലാന്വേഷണങ്ങൾ ചെയ്തിട്ടു കടന്നു പോയതേയുള്ളു.

നമ്പൂരി. ശിവശിവ, ശ്രീപത്മനാഭാ, മഹാവിഷ്ണോ ഭക്തവത്സലാ, ഭഗവാനേ, നിന്തിരുവടിതന്നെ കാത്തുരക്ഷിച്ചു. ആവൂ ശ്വാസം ഇപ്പോഴേ നേരെ ആയുള്ളു.

യുവരാ. ആവട്ടെ, നമ്പൂരിപോയകാൎയ്യം വല്ലതുമറിഞ്ഞോ?

നമ്പൂരി. ഏയ്, അതെങ്ങിനെ, അതിനുമുമ്പ ആ ശനിയൻ വരുന്നതുകണ്ടു ഞാൻ മടങ്ങിപ്പോന്നില്ലേ.

കൊച്ചിര. എന്നാൽ നമുക്കിനി ഒരുമിച്ചുതന്നെ വഴിയിലേക്കുകയറാം. വല്ല കാലിപ്പിള്ളേരേയും കണ്ടു വിവരങ്ങൾ ചോദിച്ചറിയാം.

(എല്ലാവരും കൂടിചുററിനടക്കുന്നു.)

കൊച്ചിര. അതാ ഒരുവൻ കലപ്പയുമായിവരുന്നു അവനോടു തന്നെ ചോദിച്ചുകളയാം.

(ഒരുവൻ കലപ്പയുമായി പ്രവേശിക്കുന്നു.)

നമ്പൂരി: ഏയ് നില്ക്കണം ഒന്നുചോദിപ്പാനുണ്ടു്. നിങ്ങൾ ആൎക്ക വേലചെയ്യുവാൻ പോകയാണു്?

ഇതരൻ. ഹോ. അപ്പ ചിറമുണ്ട തമ്പ്രാക്കളേ അറിയേലേ, ടിയൻ അവിടത്തെ ടിയാനല്ലെ

കാച്ചിര ഇല്ല, ഞങ്ങൾ കുറ വടകരാണ്, ചിറവണ്ട എന്നു പറയുന്നതു് നമ്പൂരാരോ, നായന്മാരോ?

ഇതരൻ. ചിറവുണ്ടലെ മാപ്പളത്തമ്പ്രാക്കളേ

കൊച്ചിര. ഇവിടെ നായർവീട്ടുകൾ വല്ലതുമുണ്ടോ?

ഇതരൻ. ഒരു നാലുനായിക വടക്കോട്ട ചെന്നാക്കാണും ഇവിടെങ്ങും നായരെമ്പ്രാക്കളേ ഇല്ല.

നമ്പൂരി. നമ്പൂരി ഇല്ലങ്ങളോ?

ഇതരൻ. ഇല്ലില്ല, ഇവിടങ്ങളിലൊക്കെ മാപ്പളത്തമ്പ്രാക്കളേ ഒള്ളൂ.

കൊച്ചിര. ചിറവുങ്ങയിലേ വീടേതാണ്?

ഇതരൻ. ലേ—ദാ—ആ പനക്കൂട്ടം നിക്കണില്ലേ അതാണ്. ഈ തൊണ്ടേ അങ്ങ ചെല്ലുമ്പക്കാണാം ഒരു മേടയും പടിക്കെട്ടും.

കൊച്ചിര. വേറെ അടുത്തു വീടുകളുണ്ടോ?

ഇതരൻ. ഇച്ചിരികൂടി ചെല്ലുമ്പം നെല്ലിമൂട്ടിലൊ പടിയൊണ്ട്.

കൊച്ചിര. കൊള്ളാം, ഞങ്ങൾക്കു സ്ഥലം പരിചയമില്ലാത്തതു കൊണ്ടു ചോദിച്ചതാണ്. (നമ്പൂരിയോടായിട്ട്) വരൂ, നമുക്കു ചിറവണ്ടയിലേക്കു തന്നെ പോകാം.

(എല്ലാവരും പോകുന്നു

കട്ടൻ.

# രംഗം II
## സീൻ I

(ചിറവുണ്ടയിൽഭവനം ഗൃഹനായികപ്രലമ്പിക്കൊണ്ടു പ്രവേശിക്കുന്നു;

ഗൃഹനായിക. എടീ ഉണ്ണിച്ചേ നേരം പെലന്നു ഉച്ചയായിട്ടും ഈ പശുക്കളെ ഒന്നു കറന്നു വിടാറായില്ലേടീ? ആ കോഴിക്കൂടൊന്നുതുറന്നു വിട്ടോ? ഇതെന്തു പാടപ്പാ! എല്ലാം തൊട്ടുതൊട്ടെണ്ണിപ്പറഞ്ഞെങ്കിലേ ചെയ്യൂ. ആ മൊന്തയും ചരുവവും എല്ലാം തേച്ചെങ്കിൽ ഇങ്ങോട്ടെടുത്തോണ്ടുവന്നേടീ. ഒന്നനങ്ങിനടക്കരുതേ? പാടത്തുന്നു ഇപ്പം വന്നു കേറും. കുറെ പാലെങ്കിലും ഒന്നുകാച്ചിവച്ചിട്ടില്ല. എടി ചെറിച്ചിപ്പെണ്ണേ, ആ അവലു കുറെ എടുത്തൊന്നു നനച്ചുവയ്ക്കേടീ. ആ തേന്തൊള്ളിവരിക്കേടെ ചുള കുറെ എടുത്തൊന്നു ചകണികളഞ്ഞുവക്ക്. പാടത്തുന്നു വരുമ്പം തൊള്ളികഞ്ഞിയെങ്കിലും കൊടുക്കാവല്ലോ.

(പടികടന്നു് യുവരാജാവും കൊച്ചിരവിയും നമ്പൂരിയും പ്രവേശിക്കുന്നു.)

കൊച്ചിരവി. വമ്പൻ കെട്ടിടം. നല്ല തികഞ്ഞ ഗൃഹസ്ഥരാണെന്നു തോന്നുന്നു.

യുവരാ. നല്ലശുചിത്വം

നമ്പൂരി. അതാ ഗൃഹനായികയാണെന്നു തോന്നുന്നു മുററത്തുതന്നെ നില്ക്കുന്നതു്.

(മൂന്നുപേരും ഗൃഹനായികയുടെ സമീപത്തേക്കു് നടന്നു.)

ഗൃഹനായിക (തിരിഞ്ഞുനോക്കിയിട്ടു) ആരാഅതു? എന്താവന്നതു്?

കൊച്ചിര. ഞങ്ങൾ വടക്കരാണു് കുറേത്തെക്കോളം പോയിട്ടു മടങ്ങി വരികയാണു്. ഈ ഉണ്ണി യാത്രാക്ഷീണം കൊണ്ടു വിഷമിക്കുന്നു. നന്നേ ദാഹവുമുണ്ടു്.

(ഗൃഹനായിക ആഗതരോരോരുത്തരേയും പ്രത്യേകം പ്രത്യേകം സൂക്ഷിച്ചുനോക്കീട്ടു്) ചെക്ക വെളുക്കും മുമ്പു ദാഹമോ? (പിൻതിരിഞ്ഞു) എടാ പോത്തോ

(അണിയറയിൽനിന്നു്) എന്തോ

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഗൃ—നാ ഇതാ ഇവൎക്കു ആ ഓട്ടുമൊന്തയിൽ കുറേവെള്ളം കൊണ്ടെക്കൊടുക്കെടാ. പട്ടിയെ പിടിച്ചു പൂട്ടിയോ (ആഗതരുടെ നേൎക്കു തിരിഞ്ഞുകൊണ്ടു്.) വെളുക്കുംമുമ്പു മിണ്ടാതെ പറയാതെ ഇങ്ങനെ കേറി വന്നാ ചെലപ്പം പട്ടി കാലുംകൊണ്ടുപോയെന്നും വരും.

(ആഗതർ പരസ്പരം നോക്കുന്നു.)

ഭൃത്യൻ. പട്ടികളേ എല്ലാം പൂട്ടി അമ്മേച്ചീ.

ഗൃ—നാ. ആ- കൊള്ളാം വേഗം വെള്ളം കൊടുത്തു വിട്ടൂ.

(ഭൃത്യൻ പോകുന്നു)

നമ്പൂരി: ഉണ്ണി നന്നെ വിഷമിച്ചിരിക്കയാണു്. രാത്രിമുഴുവൻ ഒരു പോളകണ്ണടക്കാതെ നടക്കയായിരുന്നു.

ഗൃ—നാ. (യുവരാജാവിനെനോക്കിക്കൊണ്ടു്) അതേ അതേ, കുഞ്ഞുങ്ങളേം മററും നിങ്ങളല്ലാതെ മനുഷ്യരു വല്ലവരും ഇങ്ങിനെ നടത്തി ബുദ്ധിമുട്ടിക്കുമോ?

(ഭൃത്യൻെറ നേൎക്കുതിരിഞ്ഞു കൊണ്ടു്) എടാ പോത്തേ, ആ കിഴക്കേ മുറിയിലിരിക്കുന്ന ചാറയിൽ നിന്നു

രണ്ടുമൂന്നു നല്ലഉപ്പുമാങ്ങ കൂടിഎടുത്തു കൊടുത്തേക്കണം.

(എരുത്തിലേക്കു നടന്നു തുടങ്ങുന്നു)

കൊച്ചിര: (ആത്മഗതം) ഏയ്, ഇതു പന്തിയല്ല. ഇവർ ആവശ്യമറിഞ്ഞുദാനം ചെയ്യുന്ന കൂട്ടത്തിലല്ലെന്നു തോന്നുന്നു. ഏതായാലും ആവശ്യം ഇവിടെയാണല്ലൊ.

(പ്രകാശം) ഇവിടത്തെ ആവശ്യം കഴിഞ്ഞു പാല് അധികം കാണുമായിരിക്കുമോ, ആവോ.

ഗൃ—നാ: (തിരിഞ്ഞുനിന്നുകൊണ്ട്) പാലു ഇവിടെ ആവശ്യത്തിനു മാത്രമേയുള്ളു (തന്നത്താൻ) ഹട, തെണ്ടി നടക്കുന്ന പരിഷക്കു പാലും പഴവുമോ!

നമ്പൂരി. അല്ല, ഇഷ്ടി മിച്ചമെടുക്കാമെങ്കിൽ ഞങ്ങടെ വില എന്തു വേണമെങ്കിലും തരാം.

ഗൃ—നാ. (ദേഷ്യഭാവത്തിൽ) ഇവിടെ ഞങ്ങടെ പാലു കച്ചവടത്തിനിരിക്കല്ല. അല്ലാതെ തന്നെ കഴിക്കാൻ കൊറവുണ്ട്. നിങ്ങളുടെ വിലയും വേണ്ട വേഷ്ടിയും വേണ്ട. വെള്ളം വേണമെങ്കിൽ വാങ്ങിക്കുടിച്ചിട്ടു പോകണം.

(തിരിഞ്ഞു നടക്കുന്നു)

(യുവരാജാവു് നമ്പൂരിയെ ഗൌരവത്തിൽ നോക്കിയിട്ട് പടികടക്കുന്നു. നമ്പൂരിയും കൊച്ചിരവിയും അനുഗമിക്കുന്നു)

(ഭൃത്യൻ വെള്ളവും ഉപ്പുമാങ്ങയുമായി പ്രവേശിക്കുന്നു പുറവും. നോക്കിയിട്ട്) അവരെവിടെ അമ്മാ.

ഗൃ—നാ: അവക്കു വെള്ളവും മറവും പോര. പാലും നേന്ത്രപ്പഴവും വേണം. പോലും. അവരു കലഹിച്ചു

പോയാരിക്കും. നീ ആ മാങ്ങ എടുത്തതും വച്ചതു മറിയാതെ ചാറയിൽ ഇട്ടേക്ക്

(രണ്ടാളും. പോകുന്നു)

കർട്ടൻ

## സീൻ II

(നെല്ലിമൂട്ടിലെപടി. ഒരു കുട്ടി ഒരു പാത്രത്തിൽ കുറേ പാലുമായി പടികടന്നുവരുന്നു. യുവരാജാവും പരിജനങ്ങളും പ്രവേശിക്കുന്നു)

കൊച്ചിര: (കുട്ടിയോട്) ഇതെന്താണു കുട്ടീ, പാത്രത്തിൽ?

കുട്ടി: പാല്

നമ്പൂരി. വില്ക്കുവാനാണോ, ഇതെവിടെ കൊണ്ടുപോകുന്നു.

കുട്ടി. വില്ക്കാനും മററുമല്ല. അങ്ങേതിലേ കാർണോക്ക് സുഖക്കേടായി കെടക്കുന്നു. പാലേ കുടിക്കാവൂന്നാ വൈദ്യൻ പറഞ്ഞേക്കുന്നു. പാവത്തിനു ചക്രം കൊടുത്തു മേടിക്കാൻ കെതിയില്ല. അതു കൊണ്ട് അമ്മച്ചി തന്നു വിട്ടതാ. അവിടെ കൊടുക്കാൻ.

കൊച്ചിര. ഏതമ്മച്ചി, ഈ പാലെവിടെ നിന്നാണ്?

കുട്ടി. (വീട്ടിൽ ചൂണ്ടിക്കാണിച്ചു കൊണ്ട്) ഇവിടന്നേ, ഇവിടത്തേ അമ്മച്ചി തന്നു വിട്ടതു്.

കൊച്ചിര. ഈ വീടേതാണ്?

കുട്ടി. ഇതല്ലെ നെല്ലിമൂട്ടിലെ.

നമ്പൂരി. നീ അവിടത്തെതാണോ?

കുട്ടി. അല്ലല്ല. അവിടെ വേലക്കു നിക്കണതാ.

യുവരാ. അവിടെ ചെന്നാൽ ഞങ്ങൾക്കും പാലു കിട്ടുമോ?

കുട്ടി. ഒരു പശുനെയേ കറന്നുള്ളു. ഇനി രണ്ടു ടെയൊണ്ടു്. കേറിച്ചെന്നു അമ്മച്ചിയോടു ചോദിച്ചാട്ടെ.

(കുട്ടിപോകുന്നു)

യുവരാ. ഏയ്, നാം ശനിപിടിച്ച കൂട്ടമാണു്. ധർമ്മപുത്രരും നമ്മുടെനേക്കു്കൈ കമഷ്ടല്ല.

കൊച്ചിര. അങ്ങിനെ കല്പിക്കരുതു്. ഭഗവാൻ നമുക്കു തുണയുണ്ടു്. അവിടന്നു ഒന്നല്ലെങ്കിൽ മറെറാരു വഴി നമുക്കു കാണിച്ചുതരാതിരിക്കയില്ല.

നമ്പൂരി. ഓഹോ, ആവാം, ഇവിടെയും കയറി ഒന്നു പരീക്ഷിച്ചുകളയാം. പക്ഷെ— തിരുമേനിക്കൂടി....

യുവരാ. ഏയ്, നിങ്ങൾ സഹിക്കുന്ന ദുരിതങ്ങൾക്കും ആക്ഷേപങ്ങൾക്കും ഏല്ലാം ഞാനും അവകാശിതന്നെ. അതുകൊണ്ടു ചാഞ്ചല്യപ്പെടേണ്ട.

(എല്ലാവരും പടികടന്നു പ്രവേശിക്കുന്നു.)

## സീൻ III

(നെല്ലിമൂട്ടിൽ ഭവനം. ഗൃഹനായിക കുളിച്ചുനനഞ്ഞ കേശഭാരം അഗ്രംബന്ധിച്ചുപിമ്പിലിട്ട സ്ഥിതിയിൽ

പശുവിനെൻറ അകിടു കഴുകിക്കൊണ്ടിരിക്കുന്നു. യുവരാജാവും അനുചരന്മാരും പ്രവേശിക്കുന്നു.)

കൊച്ചിര: നല്ലസമയം.

നമ്പൂരി: ഫലം പഴയപടി തന്നെയോ എന്തോ?

കൊച്ചിര: അനുഭവം മുമ്പിലിരിക്കുമ്പോൾ പ്രശ്നത്തിൻെറ ആവശ്യമില്ലല്ലോ.

നമ്പൂരി: അല്ല, ഇവിടെ കുബേരത്വത്തിൻെറ ഡംഭ് അത്രതന്നെ കാണാനില്ലാത്തതുകൊണ്ടു് വിലക്കാണെങ്കിലും പാലുകിട്ടാതിരിക്കയില്ല.

യുവരാ: ഏയ്, വേണ്ടിയിരുന്നില്ല. നേരേ മാവേലിക്കരെക്കുതന്നെ പോകാമായിരുന്നു.

(സംഭാഷണം കേട്ടു ഗൃഹനായിക തിരിഞ്ഞുനോക്കിക്കൊണ്ടു് ആദരഭാവത്തിൽ)

ഗൃ:—നാ: ആരാണ്. എവിടന്നു വരുന്നു?

കൊച്ചിര: വീട്ടുകുറെവടക്കാണ്. ഒരാവശ്യം പ്രമാണിച്ചു കുറെതെക്കോളം പോയിട്ടു മടങ്ങിവരികയാണ്.

ഗൃ:—നാ: (എഴുന്നേററു യുവരാജാവിനെ നോക്കിക്കൊണ്ടു്) യാത്രക്ഷീണം നന്നേയുണ്ടെന്നു തോന്നുന്നു. ഉണ്ണി തീരെ വാടിയിരിക്കുന്നല്ലൊ.

കൊച്ചിര: കുട്ടിയല്ലേ, നടന്നോ മററോ പരിചയമുണ്ടോ!

നമ്പൂരി: പോകുന്നവഴിക്കാണെങ്കിലും വച്ചുണ്ണത്തക്കസൌകര്യങ്ങൾ ഒന്നുമില്ല. ഉണ്ണിക്കു ക്ഷീണംകൊണ്ടു തീരെ നടക്കത്തന്നെ വയ്യ.

ഗൃ—നാ: (സുസ്മേരവദനയായി) ഞങ്ങളും ഒക്കെമനു ഷ്യരല്ലേ. ഒന്നുരണ്ടു കുഞ്ഞുങ്ങൾ ഇവിടെയുമുണ്ടല്ലോ. (അകത്തേക്കു പോകുന്നു.)

(യുവരാജാവു് കൃതാൎത്ഥനായി കൊച്ചിരവിയേ നോക്കുന്നു. ഗൃഹനായിക മൂന്നു ഓട്ടുമൊന്തകളും ഒരു ചരുവത്തിൽ കുറെ വെള്ളവുമായി പ്രവേശിച്ചിട്ടു്.)

ഗൃ—നാ: ഇതാ ഈ പാത്രങ്ങളിൽ ആവശ്യമുള്ള പഞ്ചസാരഇട്ടിട്ടുണ്ടു്. (യുവരാജാവിനെ നോക്കികൊണ്ടു്). ഉണ്ണിക്കുനിന്നു കാൽകുഴയുന്നുണ്ടാവാം. പൂമുഖത്തു കവളപ്പാറപുൽപ്പായിൽ ഇരിക്കാമല്ലോ. പാൽ കറന്നുകൊണ്ടുവരുവാൻ താമസം വന്നേക്കും. അപ്പോഴേക്കും അവിടെ ഇരിക്കുന്ന അവലോ പഴമോ ഇഷ്ടംപോലെ വല്ലതും അല്പം ഉപയോഗിക്കാം. കിണ്ടിയിൽ വെള്ളവും വച്ചിട്ടുണ്ടു്. (തന്നത്താൻ) പാവം, മുഖത്തു രക്തമയം കൂടിയില്ല.

(യുവരാജാവു് ക്ഷീണവദനനെങ്കിലും ആനന്ദഭരിതനായി ഗൃഹനായികയെ അല്പസമയം നോക്കികൊണ്ടു നിന്നിട്ടു് കൊച്ചിരവിയോടുകൂടി പൂമുഖത്തേക്കുപോകുന്നു. നമ്പൂരി പാത്രവുമായി പശുവിന്റെ സമീപത്തേക്കടുക്കുന്നു.)

## കൎട്ടൻ

---

നെല്ലിമൂട്ടിൽ ഭവനത്തിന്റെ മറെറാരുഭാഗം

(പൂമുഖത്തിൽ യുവരാജാവും കൊച്ചിരയും കൂടിയിരുന്നു വിശ്രമിക്കുന്നു. ഇടക്കു അവലും പഴവും അല്പാല്പം ആഹരിക്കുന്നു. നമ്പൂരി പ്രവേശിച്ചിട്ടു)

നമ്പൂരി: (യുവരാജാവിനോടായിട്ടു്) ഇതാ നല്ല നറുംപാൽ, നല്ല ചുടുപാൽ അല്പം അമൃതേത്തുകഴിക്കാം

യുവരാ (പാൽ വാങ്ങിക്കുടിക്കുന്നതിനിടയിൽ) ''നെല്ലിമൂട്ടിലേതു സാക്ഷാൽ കാമധേനുതന്നെ, ഇല്ലേ കൊച്ചിരവീ''

കൊച്ചിര: കല്പിച്ചതു ശരിയാണ്.

(നമ്പൂരി പാൽ കറക്കുവാൻ വീണ്ടും പോകുന്നു.)

(പടിഞ്ഞാറെക്കെട്ടിൽ നിന്നും പൂമുഖത്തേക്കുള്ള വാതിൽ അല്പം തുറന്നുകൊണ്ടു് ഗൃഹനായിക ഒരു ചെറു പൈതലോടു കൂടി പ്രത്യക്ഷപ്പെടുന്നു.)

ഗൃ—നാ. ഉണ്ണിക്കു പാൽ കൊടുത്തോ? ആ പഴക്കുല വച്ചതുപോലെ ഇരിക്കുന്നല്ലോ.

യു—രാ: പാൽ കഴിച്ചു. വളരെ സന്തോഷമായി.

ഗൃ—നാ: വടക്ക് എവിടെയാണ് ഇല്ലം?

കൊച്ചിര: വടക്കു കോട്ടയത്തിനടുത്താണ്. നന്തക്കോട്ട മന എന്നു പറയും. എന്താ ചോദിച്ചതു്?

(നമ്പൂരി രണ്ടു പാത്രം പാലുമായി വീണ്ടും പ്രവേശിക്കുന്നു. ഒന്നു കൊച്ചിരവിക്കു കൊടുത്തിട്ടു മററതു താനും ഉപയോഗിക്കുന്നു.)

ഗൃ—നാ: പാലു മതിയാകുമോ? ഉണ്ണിക്കു വേണമെങ്കിൽ കുറേക്കൂടി കൊടുക്കാമല്ലോ. പശു ഒന്നുകൂടിനില്പുണ്ടു്. ആവശ്യം പോലെ കറന്നുകൊള്ളാം.

നമ്പൂരി: നല്ല ഭക്ഷയായി, ധാരാളമായി, പുഷ്ടിയായി. പഞ്ചാമൃതം കൂട്ടിയുള്ള സദ്യയായാലും ഇനി വയ്യ. ബഹു സന്തോഷം.

കൊച്ചിര: എന്താ ഇല്ലത്തപ്പരനേഷിച്ചതു്?

ഗൃ—നാ: ഒന്നുമില്ല. ഈ ഉണ്ണിയെ കണ്ടിട്ടു ഇങ്ങിനെ നടന്നു അലയേണ്ട ഒരില്ലത്തേ അല്ലെന്നു തോന്നി.

കൊച്ചിര: (പുഞ്ചിരിയോടു കൂടി) ശരിയാണു് അല്പകാലമായി ഇല്ലത്തേക്കു ഒരു ഗ്രഹപ്പിഴ എല്ലാമാണു്. അതു നീങ്ങിക്കിട്ടുവാൻ ശുചീന്ദ്രത്തു പോയി കുളിച്ചു തൊഴുതിട്ടു മടങ്ങിവരികയാണു്.

നമ്പൂരി: ഇവിടെ നിന്നും അല്പം പടിഞ്ഞാറു മാറി ഒരു മാളികയുണ്ടല്ലോ. അവർ നിങ്ങൾക്കു വല്ലതുമാകുമോ.

ഗൃ—നാ: അതു ചിററപ്പന്റെയില്ലെന്നു പറയും. ഞെങ്ങൾ ഒരു കുടുംബക്കാരാണു്. എന്താ ചോദിച്ചതു?

കൊച്ചിര: വിശേഷിച്ചൊന്നുമില്ല. ഞങ്ങൾ ക്ഷീണിച്ചു വന്നവഴി അവിടെ കയറി. കടശി വേണ്ടില്ലായിരുന്നു എന്നു തോന്നി.

ഗൃ—നാ: (അതൃപ്തിയോടുകൂടി) അവിടെ കയറേണ്ടിയിരുന്നില്ല. അവരൊക്കെ വലിയ ആളുകൾ. മററുള്ളവരുടെ വിഷമസ്ഥിതി അറിവാൻ അവക്കു സാധിക്കയില്ല.

കൊച്ചിര: എങ്കിലും അവരും കുഞ്ഞുകുട്ടികളുള്ള ഒരു തള്ളയാണല്ലോ.

ഗൃ—നാ. (പുഞ്ചിരിയോടു കൂടി) അങ്ങിനെയല്ല. അതു കൊണ്ടാണു് അവക്കു ഈ ഉണ്ണിയോടു് ഒരു ദയവു തോന്നാഞ്ഞതു്.

(ഈ സമയം ഗൃഹനായികയുടെ കൈയിലിരുന്ന ശിശുവിന്റെ പമ്പരം താഴെ പോകയാൽ നിലവിളിക്കുന്നതു കേട്ടു കൊച്ചിരവി ഓടിച്ചെന്നു പമ്പരമെടുത്തു കുട്ടിയുടെ കൈയിൽ കൊടുക്കുന്നു.)

യുവരാ: കുഞ്ഞിൻെറ അച്ഛനെവിടെ?

ഗ്ര—നാ: (നിറഞ്ഞകണ്ണുകളോടുകൂടി) മരിച്ചുപോയിട്ടു രണ്ടുകൊല്ലം കഴിഞ്ഞു.

നമ്പൂരി: ഇപ്പോഴം കാൎയ്യങ്ങളൊക്കെ അന്വേഷിക്കുന്നതാരാണു്?

ഗ്ര—നാ: ഒരു സഹോദരനുണ്ടു്. അടുത്തു തന്നെ താമസം. അവനാണു് ജോലികളൊക്കെ നടത്തിക്കുന്നതു്.

കൊച്ചിര: കുഞ്ഞിൻെറ അച്ഛനെന്തായിരുന്നു സുഖക്കേടു്?

ഗ്ര—നാ: (വ്യസനഭാവത്തിൽ) വിശേഷാൽ സുഖക്കേടൊന്നുമുണ്ടായിരുന്നില്ല. അതൊക്കെ എന്തിനു പറയുന്നു.

യുവരാ: (ജിജ്ഞാസയോടുകൂടി) എങ്കിലും വിരോധമില്ലെങ്കിൽ കേൾക്കാമല്ലോ.

ഗ്ര—നാ: (ഗദ്ഗദത്തോടെ) അവരവർ ചെയ്യുന്നതിൻെറ ഫലം അവരവർ തന്നെ അനുഭവിക്കും നമ്മൾ പിന്നെ എന്തിനു അതുപറഞ്ഞു പാപം കയ്യേൾക്കുന്നു?

നമ്പൂരി: എങ്കിലും ഞങ്ങൾ അറിയുന്നതുകൊണ്ടു ദൂഷ്യമൊന്നുമില്ലല്ലോ.

ഗ്ര—നാ: എന്തോ അപകടത്തിൽ മരിച്ചു എന്നേ പറവാനുള്ളു. എനിക്കു സൂക്ഷ്മമൊന്നു മറിഞ്ഞുകൂടാ. ഒരു ദിവസം സന്ധ്യാസമയത്തു പതിവില്ലാത്തതുപൊലെ ചിറവണ്ടയിൽനിന്നും ഒരാൾ വന്നുവിളിച്ചുകൊണ്ടുപോയി. രാത്രി മടങ്ങിവന്നപ്പോൾ പത്തുരാചെന്നു.

ഊണു അവടെ നിന്നും കഴിച്ചു എന്നുപറഞ്ഞു് ഉറങ്ങി നേരം വെളുത്തപ്പോൾ മരിച്ചുകിടക്കുന്നു. (കണ്ണീർ തുടക്കുന്നു)

യു—രാ: കുടുംബങ്ങൾ തമ്മിൽ വല്ല ഉൾപകയുമുണ്ടായിരുന്നോ?

ഗൃ—നാ: കുഞ്ഞുങ്ങളുടെ അപ്പൻ ഒരുവക കലഹത്തിനും പോകുന്ന പ്രകൃതമല്ലായിരുന്നു. തറവാട്ടുസ്വത്തു സംബന്ധിച്ചു ഞങ്ങൾ തമ്മിലുണ്ടായിരുന്ന ചില തക്കങ്ങൾ പറഞ്ഞൊതുക്കുന്നതിനാണു് ഇവിടെനിന്നും വിളിച്ചു കൊണ്ടു പോയതെന്നു പറഞ്ഞു. പിന്നത്തേകഥയെല്ലാം മനുഷ്യരു പറയുന്നതു സത്യമോ അസത്യമോ എന്നു ദൈവത്തിനേ അറിഞ്ഞുകൂടു. (ഗദ്ഗദത്തിൽ നിറുത്തുന്നു)

(എല്ലാവരും അല്പസമയം മൌനമായി ഇരുന്ന ശേഷം)

യു—രാ: ഈ ഒരുകുട്ടിയേ ഉള്ളോ?

ഗൃ—നാ: അല്ല, ഇവന്റെ മൂത്തഒരു പെൺകുട്ടി കൂടിയുണ്ടു്. അവളുടെ മൂത്തതു ഒരു ആൺകുട്ടിയായിരുന്നു. അവനും അന്നു അപ്പന്റെകൂടെ ചിറവണ്ടയിൽ പോയിരുന്നു. നേരം വെളുത്തപ്പോൾ രണ്ടുപേരുടേയും ശവമാണു് കണ്ടതു്.

(അവർ കണ്ണീർ വാർത്തു കൊണ്ടു പൊട്ടിക്കരയുന്നു. എല്ലാവരും ചിന്താമഗ്നരായിരിക്കുന്നു. യുവരാജാവിന്റെ കണ്ണുകളിൽ ജലം നിറയുന്നു.)

യു—രാ: ചിറവണ്ടയിലേ ഉപദ്രവം ഇപ്പോഴുമുണ്ടോ?

ഗൃ—നാ: ഇതിലധികം ഇനി എന്തുപദ്രവം

ചെയ്യുവാനാണ്. ആളും അത്ഥവും എല്ലാം പോയി. ഇനിപിന്നെ എന്തുപദ്രവിക്കുവാനാണ്? (യുവരാജാവിനെ നോക്കികൊണ്ട്) ഈ ഭാഗ്യഹീനയുടെ ചരിത്രം കേട്ടിട്ട് ഉണ്ണിക്കും സങ്കടം തോന്നുന്നു. ഇതൊന്നും പറയേണ്ട ആവശ്യമില്ലായിരുന്നു. പിന്നെ നിങ്ങൾ ചോദിച്ചതു കൊണ്ടു പറഞ്ഞു പോയതാണ്. ഉണ്ണിക്ക് അല്പം ഉറങ്ങിയെങ്കിലേ ക്ഷീണം തീരുകയുള്ളു കിടന്നൊന്നു മയങ്ങിയാട്ടെ.

(ഗൃഹനായിക പോകുന്നു)

കൎട്ടൻ.

# സീൻ IV

(പൂമുഖത്തു യുവരാജാവും കൊച്ചിരവിയും നിദ്ര ചെയ്യുന്നു. കൊച്ചിരവി ഉണൎന്നെഴുന്നേററു നമ്പൂരിയെ ഉണൎത്തുന്നു.)

കൊച്ചിര: ഏയ്, ഉണരണം. വെയിലിന്റെ ചൂട് ഒട്ടുകുറഞ്ഞുതുടങ്ങി നമുക്കിനി പോകയല്ലെ.

നമ്പൂരി: (എഴുന്നേററിട്ട്) തിരുമേനി പള്ളിയുണൎന്നില്ലല്ലോ. ശല്യപ്പെടുത്തണ്ട. അല്പം കൂടികിടന്നു കൊള്ളട്ടെ.

(യുവരാജാവു് പിടച്ചെഴുന്നേററുകൊണ്ടു്) ഇല്ലില്ല, എൻെറ ക്ഷീണമെല്ലാം തീൎന്നു.

(ഗൃഹനായിക പടിഞ്ഞാറെകെട്ടിന്റെ കതകു തുറന്നു വാതല്ക്കൽ നിന്നുകൊണ്ടു്)

ഗൃ—നാ: ഉണ്ണി സുഖമായി ഉറങ്ങി ഇല്ലേ, ഞാൻ കുറേ മുൻപു വന്നു നോക്കിയപ്പോൾ ഉറങ്ങുന്നതു കണ്ടു് ഉപദ്രവിക്കണ്ട എന്നു കരുതി പോകയായിരുന്നു. ഇനി എണ്ണീററു കുളിക്കായിരുന്നല്ലോ. എണ്ണയുമിഞ്ചയുമായി ഉണിക്കോരൻ കാത്തു നില്ക്കുന്നു.

യു—രാ: (ആശ്ചര്യഭരിതനായി നമ്പൂരിയെ നോക്കിയിട്ടു) വേണ്ടിയിരുന്നില്ല (ഗൃഹനായികയോടു്) പാലും പഴവുമെല്ലാം കഴിച്ചിട്ടു് അധികമായില്ലല്ലൊ. ഇനി ഇപ്പോൾ ഉണ്ടേമതിയാവൂ എന്നില്ല.

നമ്പൂ: ബുദ്ധിമുട്ടണമെന്നില്ലായിരുന്നു. വിശപ്പും ക്ഷീണവുമെല്ലാം തീൎന്നു.

ഗൃ—നാ: ബുദ്ധിമുട്ടെന്നൊന്നും വിചാരിക്കണ്ട. അരിയും സാമാനങ്ങളും നേരത്തെ അടുത്തൊരു മനക്കൽ കൊടുത്തയച്ചതാണു്. ഊണുകാലമായ വിവരമറിയിക്കാൻ ഉണിക്കോരനെ അയച്ചിരിക്കയാണു്. ഇനി ഊണുകഴിക്കാതെ നടന്നാൽ ഉണ്ണി നന്നേ വിഷമിക്കും.

കൊച്ചീര: ഞങ്ങൾ കാരണം വളരെ ബുദ്ധിമുട്ടേണ്ടി വരുന്നല്ലൊ.

ഗൃ—നാ: ബുദ്ധിമുട്ടോ, അങ്ങിനെ ഒന്നുമില്ല.

യു—രാ: നിർബന്ധമാണെങ്കിൽ അങ്ങിനെയാവാം.

(എല്ലാവരും പോകുന്നു.)

കൎട്ടൻ

## മറെറാരു രംഗം

(ഗൃഹനായിക വാതല്ക്കൽ കുട്ടിയേയും വഹിച്ചു കൊണ്ടു നില്ക്കുന്നു. യുവരാജാവും അനുചരന്മാരും യാത്രക്കു തയാറാകുന്നു.)

നമ്പൂരി: ഊൺ സുഖമായി, ബഹുമോടിയായി, ഒന്നാംതരം പഴം, പ്രഥമൻ അസ്സലായി, പുളിശ്ശേരി രസികൻ. തീയലും, അവിയലും എല്ലാം ബഹുകേമമായി.

യു—രാ: വളരെ സന്തോഷമായി.

കൊച്ചിര: ഇനി ഞങ്ങൾക്കു പുറപ്പെടാമല്ലോ. വെയിലാറിത്തുടങ്ങി, ക്ഷീണവും തീൎന്നു. ഇനി കുറേശ്ശെ നടക്കാൻ വിഷമമില്ല.

ഗൃ—നാ: ഇന്നുതന്നെ പോകണമെന്നു നിർബന്ധമാണോ? ഇന്നിവിടെ വിശ്രമിച്ചിട്ടു നാളെരാവിലെ പോകയല്ലെ നല്ലതു്? ഉണ്ണിയുടെ ക്ഷീണംമുഴുവൻ തീൎന്നിട്ടില്ല.

നമ്പൂരി: അതല്ല, ഇന്നുതന്നെ പോയേ കഴിയൂ. മററാളെങ്കിലും ഇല്ലത്തെത്തിയില്ലെങ്കിൽ വൈഷമ്യമുണ്ടു്.

ഗൃ—നാ: നിർബന്ധമാണെങ്കിൽ അങ്ങിനെയാവട്ടെ. എന്നാൽ (ചൂണ്ടിക്കാണിച്ചുകൊണ്ടു്) ആ പൊതിക്കൂടി കൈവശമിരിക്കട്ടെ അല്പം അവലും പഞ്ചസാരയുമാണു്. കുറേ പഴവുംകൂടി എടുത്തു കൊണ്ടാൽ വിഷമിക്കാതെ രാത്രി കഴിക്കാം.

കൊച്ചിര: ഇനി ഇപ്പോ ഒന്നും വേണ്ട. രണ്ടുദിവസത്തേക്കിനി ഒന്നും കഴിച്ചേ തീരു എന്നില്ല.

യു—രാ: അതൊക്കെ യാത്രയിൽ വലിയ ഉപദ്രവമായിരിക്കും.

(ഈ സമയം ഇളയകുട്ടി കരഞ്ഞുംകൊണ്ടു് ഓടിയെത്തി) അമ്മച്ചീ, ചേച്ചിപമ്പരം എത്തിമ്മച്ചില്ല മേച്ച താമ്മച്ചീ.

നമ്പൂരി: (കുട്ടിയോടായിട്ടു്) കുട്ടീ ഇങ്ങു വരണം. ഒരു നല്ല കളിപ്പാട്ടം ഞാൻ തരാം.

(അണിവിരലിൽ കിടന്നിരുന്ന മോതിരം ഊരികാണിക്കുന്നു. കുട്ടിസംശയഭാവത്തിൽ തുറിച്ചു നോക്കുകയിൽ ഗൃഹനായിക നമ്പൂരിയുടെ ഉദ്ദേശം മനസ്സിലാക്കികുട്ടിയെ കൈയിൽ എടുത്തും കൊണ്ടു്)

ഗൃ—നാ: വേണ്ട, അവനു പമ്പരംമതി (പിൻതിരിഞ്ഞു്) എടീ, ആച്ചീ.
(അണിയറയിൽ നിന്നും) എന്താ.

ഗൃ—നാ: ആ പമ്പരം ഇങ്ങുകൊണ്ടുവാ. പാപ്പൂന കൊടു്.

(യുവരാജാവു് ശാസനാരൂപത്തിൽ നമ്പൂരിയെ നോക്കുന്നു. ആച്ചി പമ്പരം കൊണ്ടുവന്നു കുട്ടിക്കു കൊടുക്കുന്നു.)

യു—രാ: (അടുത്തുചെന്നിട്ടു്) കുട്ടീ, ആ പമ്പരം ഇങ്ങു തരാമോ.

കുട്ടി: തത്തില്ല.

കൊച്ചിര: എനിക്കു തരാമോ?

കുട്ടി: ഉം ഊ.

നമ്പൂരി: എനിക്കു തരും ഇല്ലേ കുട്ടീ?

കുട്ടി: അമ്മച്ചിക്കേ കൊക്കൂ.

യു—രാ: അതു നിൻെറ അമ്മച്ചിതന്നെയല്ല, എൻെറ അമ്മച്ചിക്കൂടിയാണു്.

ഗൃ—നാ: (നിറഞ്ഞ കണ്ണുകളോടുകൂടി) എന്റെ മാത്തുക്കുട്ടിയുണ്ടായിരുന്നെങ്കിൽ ഇപ്പോഠം ഉണ്ണിയോളം കാണുമായിരുന്നു.

യു—രാ: അമ്മച്ചിയുടെ മാത്തുക്കുട്ടി ഇനി ഞാൻ തന്നെയാണു്.

ഗൃ—നാ: (ഒരു മന്ദസ്മിതത്തോടുകൂടി) അമ്മച്ചി ഈ മകനേ ഇനി എന്നു കാണുമോ!

യു—രാ: ഭഗവാൻ അനുവദിക്കുന്നെങ്കിൽ താമസിയാതെ കാണാം. എന്നാൽ ഞങ്ങളിനി പോകട്ടെ.

ഗൃ—നാ: ഇന്നുതന്നെ പോകണമെന്നു തീരുമാനിച്ചെങ്കിൽ അങ്ങിനെയാവട്ടെ. ഇനിയും താമസിച്ചാൽ നേരം വൈകുമല്ലോ.

എല്ലാവരും യാത്രക്കൊരുങ്ങുന്നതിനിടയിൽ

യു—രാ: അമ്മച്ചിയുടെ പേരെന്താണു്?

ഗൃ—നാ: ഉണ്ണൂണ്ണിയമ്മ എന്നാണു് വിളിക്കുന്നതു്.

യു—രാ: (കുട്ടിയേ നോക്കിക്കൊണ്ടു്) എന്റെ അമ്മച്ചിയേഞാൻ കൊണ്ടുപോകും അല്ലെങ്കിൽ നോക്കിക്കോ.

കുട്ടി: അമ്മച്ചിയേ തത്തില്ല. (തള്ളയുടെ വസ്ത്രത്തിൽ മുറുക്കിപ്പിടിക്കുന്നു)

കർട്ടൻ

## രംഗം III
## സീൻ I

(നെല്ലിമൂട്ടിൽ ഭവനം ഗൃഹനായിക സന്ധ്യാസമയം പ്രാൎത്ഥിച്ചു കൊണ്ടിരിക്കുന്നു)

പടിക്കൽ (അണിയറയിൽ) നിന്നും.

"അമ്മോ! പട്ടികടിക്കല്ലേ"

ഗൃഹനായിക: ആരാ അതു്, കയറിവരാം. പട്ടി കടിക്കയില്ല.

(വിളക്കിലെ തിരി നീട്ടുന്നു.)

(ഒരു വൃദ്ധൻ നായർ പ്രവേശിക്കുന്നു.)

ഗൃ—നാ: എവിടെ നിന്നു വരുന്നു?

നായർ: വീടു കോന്നിയിലാണു്, കന്നീററിവരെ പോകണം.

ഗൃ—നാ: സമയം രാത്രിയായല്ലൊ. ഈ ഇടവഴിയെ ഒരു വെളിച്ചംപോലും കൂടാതെ എങ്ങിനെ വന്നു പാററി.

നായർ: കുറേ ബുദ്ധിമുട്ടേണ്ടി വന്നു. ഇരുട്ടുന്നതിനു മുമ്പേ അടുത്തു വേറൊരു വീട്ടിൽ കയറി. രാത്രി അവിടെ കഴിക്കാമെന്നായിരുന്നു ഉദ്ദേശം. പക്ഷെ തരപ്പെട്ടില്ല. അവിടെ അല്പം താമസിച്ചതു് കൊണ്ടാണു് ഇത്ര ഇരുട്ടേണ്ടിവന്നതു്.

ഗൃ—നാ: അമ്മാവൻ ആ കിണ്ടിയിലിരിക്കുന്ന (ചൂണ്ടിക്കാണിക്കുന്നു) വെള്ളമെടുത്തു കാലും മുഖവും കഴുകിയിട്ടു ആ തടുക്കിൽ ഇരിക്കാമല്ലൊ. ഇവിടെ ഒരു രാത്രി കഴിച്ചു കൂട്ടുന്നതിനും മററും വിഷമമില്ല.

(നായർ നിർദ്ദേശാനുസരണം പ്രവൎത്തിക്കുന്നു.)

നായർ: ആ തെക്കുമാറിക്കാണുന്ന മാളിക ആരുടെ വകയാണ്?

ഗൃ—നാ: ഓഹോ, അവിടെയാണോ കയറിച്ചെന്നതു്? അതു ചിറവണ്ടയിലെ വീടാണ്. അവിടെ സാധാരണ വഴിപോക്കൎക്കു മറവും കിടപ്പാൻ സൌകൎയ്യമല്ല. അവൎക്കതൊന്നും അത്ര ഹിതമല്ല.

നായർ: എങ്കിലും നാമെല്ലാവരും മനുഷ്യരല്ലയോ! ഒരു മൎയ്യാദയും ദയവും ഒക്കെ വേണ്ടയോ.

ഗൃ—നാ: ഓരോരുത്തൎക്കു ഓരോ പ്രകൃതം എന്നേയുള്ളു. ഞാനിപ്പോഴുമോൎക്കുന്നു ഒരു നാലു കൊല്ലം മുൻപു ഒരുണ്ണിയും ഒരു നമ്പൂരിയും കൂടി വിശന്നു വലഞ്ഞു അവിടെ കയറിച്ചെന്നിട്ടു് അവരു നാഴിവെള്ളം പോലും കൊടുത്തയച്ചില്ല. ആ ഉണ്ണിയെ കണ്ടാൽ കൊടുക്കാത്തവരും കൊടുക്കും അത്ര ഓമനയാണ്. അവരതും അതിലപ്പുറവും ചെയ്യും.

നായർ: ഞാൻ ഒരു രാത്രി അവിടെ കഴിച്ചുകൂട്ടിയാൽ കൊള്ളാമെന്നു പറഞ്ഞിട്ടു് അവരുണ്ടു പട്ടിയേ അഴിച്ചു വിടാൻ വേലക്കാരേ വിളിക്കുന്നു.

ഗൃ—നാ: അമ്മാവനേ പട്ടി കടിക്കയോമറേറാ ചെയ്തോ?

നായർ: ഇല്ലില്ലാ, അതിനു മുൻപു ഞാൻ പടികടന്നു രക്ഷപ്പെട്ടു. ഇങ്ങിനെയുള്ളവൎക്കും ദൈവം പ്രസാദിക്കുന്നുണ്ടല്ലൊ!

ഗൃ—നാ: (ആത്മഗതം) ചിറവണ്ടയിൽ നിന്നും പുറത്താക്കപ്പെടുന്ന വഴിപോക്കർ ഇവിടെ വന്നിരുന്ന്

അവരെപ്പററി ദൂഷ്യം പറയുക സാധാരണമായി തീൎന്നിരിക്കുന്നു. എനിക്കതു കേൾക്കുക തന്നെ വിഷമം. (പ്രകാശം) ആവട്ടെ, അമ്മാവൻ ഊണു കഴിച്ചോ?

നായർ: പകലേ ഊണുകഴിച്ചതാണ്. ഇപ്പോഴിനി ഒന്നും വേണ്ട.

ഗൃ—നാ: അതല്ലാ, ഇവിടെ വന്നു പട്ടിണി കിടന്നിട്ടു പോകുവാൻ ഞാനനുവദിക്കയില്ല. (പൻതിരിഞ്ഞ്) എടീ എളച്ചാരേ, ആ ഉരുളിയും കുറേ അരിയും കറിസാമാനങ്ങളും എടുത്തു കിഴക്കേ തിണ്ണയിലേക്കു വച്ചേക്കൂ. (നായരോട്) അമ്മാവൻ അരിവച്ചൂണുകഴിക്കണം. എന്നിട്ടു വൎത്തമാനങ്ങൾ പറയാമല്ലോ.

നായർ: അതു വേണ്ടിയിരുന്നില്ല.

ഗൃ—നാ: കൊന്നിയിൽ നിന്നും ഊണുകഴിച്ചിട്ട് ഇത്രദൂരം യാത്രചെയ്തതല്ലേ. വിശപ്പില്ലാതിരിക്കയില്ല. ഞങ്ങളുടെ ബുദ്ധിമുട്ടോൎത്തു വിഷമിക്കേണ്ട. ഈശ്വരൻ പ്രസാദിച്ച നാഴിയരിക്കു ഇന്നും അലച്ചിൽ കൂടാതെയൊക്കെ കഴിക്കാൻ വകയുണ്ട്.

നായർ: (എഴുന്നേററ്) ഉണ്ണണമെന്നു നിർബന്ധമാണെങ്കിൽ അങ്ങിനെയാവട്ടെ.

(കൎട്ടൻ)

## സീൻ II

(നെല്ലിമൂട്ടിൽ ഭവനം നായർ കിടന്ന സ്ഥലത്തു പ്രഭാതത്തിൽ ഗൃഹനായിക ചെന്നു നോക്കുന്നു.)

<u>ഗൃ---നാ:</u> (ആത്മഗതം) ആ കിളവൻ നായർ വെളുക്കുംമുമ്പു പോയിരിക്കുമോ? ഒന്നും പറഞ്ഞിട്ടല്ലല്ലൊ പോയതു്. (വിടുന്നു കിടക്കുന്ന പായും തലയണയും മടക്കി എടുക്കുകയിൽ ഒരു പണസഞ്ചിതാഴെവീഴുന്നു) അല്ല, ഇതെന്താണ്. (എടുത്തുനോക്കുന്നു.) അയ്യോ സാധു, അയാളുടെപണസഞ്ചി മറന്നിട്ടിട്ടാണല്ലോപോയതു്. (പിൻതിരിഞ്ഞു്) എടാ ചാക്കുണ്ണീ.

(അണിയറയിൽനിന്നും) "എന്തോ"

ചാക്കുണ്ണി പ്രവേശിക്കുന്നു.

<u>ഗൃ---നാ:</u> ഇന്നലെ ഇവിടെ വന്നു കിടന്ന നായരു എപ്പോഴാണെടാ പോയതു്?

<u>ചാക്കുണ്ണി:</u> ഞാൻ കണ്ടില്ലമ്മാ, ഞാനെഴുന്നേററു വന്നപ്പോഠം അയാളെ ഇവിടെകണ്ടില്ല.

<u>ഗൃ---നാ:</u> സാധു, അയാളുടെ പണസഞ്ചി ഇവിടെ ഇട്ടുമറന്നിട്ടാണുപോയതു്. നീ വീട്ടിച്ചെന്നു പീലിപ്പോച്ചനെ ഇങ്ങോട്ടു വിളിച്ചോണ്ടു വന്നേ.

<u>ചാക്കുണ്ണി:</u> ഇതാഇപ്പംവന്നേക്കാം. (ഓടിപ്പോകുന്നു)

<u>ഗൃ---നാ:</u> (ആത്മഗതം) അയാഠം ഏതു വഴിക്കാണോ പോയിരിക്കുന്നതു്! വല്ലവരേയും ഒന്നന്വേഷിച്ചു വിടുവാനാണെങ്കിലും എങ്ങോട്ടാണയക്കുന്നതു്? സാധുപററിയഅബദ്ധം മനസ്സിലാകുമ്പൊഠം ഒരുപക്ഷെ തിരിച്ചു വന്നേക്കാനും മതി.

(പീലിപ്പോച്ചൻ പ്രവേശിക്കുന്നു)

<u>പീലി:</u> എന്താ ചേട്ടത്തീ, ആ ചെറുക്കൻ ഏതാണ്ടൊക്കെ പറഞ്ഞു. എനിക്കു സംഗതി ഒന്നും മനസ്സിലായില്ല.

ഗൃ—നാ: ഇന്നലെ രാത്രി ഒരു കിളവൻ നായർ ഇവിടെ വന്നു കിടന്നു. നേരം വെളുത്തു ഞാൻ എണിച്ചു വന്നപ്പോൾ അയാളേ കാണ്മാനില്ല. പാ മടക്കി എടുത്തപ്പോൾ ഈ പണസഞ്ചി (കാണിക്കുന്നു) താഴെവീണു. ആ സാധു വച്ചു മറന്നിട്ടു പോയതാണ്. (സഞ്ചികൊടുക്കുന്നു).

പീലി: അതു കൊള്ളാം, ഇത്ര തുമ്പു കെട്ട മനുഷ്യനോ. (സഞ്ചിതുറന്നു പണം കുടഞ്ഞിട്ടെണ്ണുന്നു) അഞ്ഞൂറുരാശിയുണ്ട്. ആൾ ആരെന്നും എവിടെക്കു പോയിരക്കുന്നു എന്നുമറിയാതെ നാമെന്തു ചെയ്യുവാനാണ്.

ഗൃ—നാ: അയാൾ കോന്നിയിൽ നിന്നുവരുന്നു എന്നും, കന്നീററിക്കു പോകയാണെന്നുമാണ് പറഞ്ഞതു്.

പീലി: എന്നാൽ പണസഞ്ചി ഇട്ടു മറന്നിട്ടുപോയ കാര്യം ഓർമ്മിക്കുമ്പോൾ തിരിച്ചു വരാതിരിക്കയില്ല. അതുവരെ ഇതു് അനക്കാതെ അറപ്പുരയിൽ സൂക്ഷിച്ചുവച്ചേക്കണം (പണസഞ്ചി ഗൃഹനായികയെ ഏല്പിക്കുന്നു.)

ഗൃ—നാ. ഒരു പക്ഷേ ഇവിടെഇട്ടുമറന്നുപോയി എന്നു അയാൾക്കു് രൂപമില്ലെങ്കിലോ? വല്ല വഴിക്കും പോയിരിക്കണമെന്നും സംശയിക്കാൻ മതി. ആൾ വയസ്സനുമാണ്. നല്ലഓർമ്മകാൺകില്ല.

പീലി: കുറച്ചുദിവസം കഴിയട്ടെ. അയാൾ മടങ്ങിവരുന്നില്ലെങ്കിൽ നമുക്കു കോന്നിയിൽ ആളയച്ചു അന്വേഷിപ്പിക്കാം. അതുവരെസൂക്ഷിച്ചുകൊള്ളണം.

ഗൃ—നാ: കഷ്ടം, ദൈവമേ, ആസാധു തിരിച്ചു വരുന്നു.

കട്ടൻ

---

## സീൻ III

(ചിറവുണ്ടഭവനം. ഗൃഹസദസ്സ്. ഗൃഹനായകനും, നായികയും ഇരിക്കുന്നു. ഒരു പുത്രനും ഒരു പുത്രിയും അടുത്തുതന്നെനില്ക്കുന്നു.)

ഗൃഹനായിക: എങ്കിലും ആ പെമ്പിറന്നോരു ഇതിനു ധൈര്യപ്പെട്ടല്ലോ എന്നാണ് ഞാൻ വിചാരിക്കുന്നത്.

ഗൃ—നായ: അവരു അതും അതിലപ്പുറോം ചെയ്യുന്നവളാണ്.

പുത്രൻ. അമ്മച്ചീ, ആ തെക്കേതിലെ മാത്തൻ ചേട്ടൻ പറഞ്ഞതു കെട്ടോ?

ഗൃ-നായി: എന്തു, എന്തു, മാത്തൻ എന്തു പറഞ്ഞു?

പുത്രൻ: ആ നായരെ രാത്രിക്കു തല്ലികൊന്നു കുഴിച്ചിട്ടിട്ട് പണം അപഹരിച്ചതാണെന്ന്. കാലത്തു പീലിപ്പോസു ചേട്ടൻെറ കയ്യേൽ രക്തം പോലു മുണ്ടയിരുന്നെന്നാണ് ആളുകൾ പറയുന്നതു്.

ഗൃ—നായി: അതും അത്ര ഇല്ലാത്തതെന്നു കരുതണ്ട.

ഗൃ—നായ: അവർ പറയുന്നതു പോലെ പണം വച്ചു മറന്നിട്ടുപോയതാണെങ്കിൽ അയാൾ പിന്നീട്ട

അന്വേഷിച്ചുവരാതിരക്കുമോ? ഇവരുപിടിച്ചുപറിച്ചു താണെങ്കിലും അയാളു സർക്കാരിൽ ചെന്നു പരാതി പ്പെടാതെ വിട്ടുകളയുമോ? ൨൦൦൦ രാശിയോ മറേറാഇല്ലേ ചില്ലറത്തുകയാണോ!

ഗൃ—നായി: അതാണു ഞാനും പറയുന്നതു്. കിഴവൻ നായരുടെ പച്ചക്കു കണ്ടിപ്പു മൂടിയിരിക്കും.

പുത്രി: എന്നാപ്പിന്നെ അവരീപണം കിട്ടിയവി വരം പുറത്തു പറയുമോ അമ്മച്ചീ.

ഗൃ—നായി: എടീ മണ്ടീ, അവരു പച്ചപ്പരമാ ത്ഥത്തിനു എല്ലാവരോടും പറഞ്ഞേന്നാണോ നിശ്ചയി ച്ചു വച്ചിരിക്കുന്നതു്? കാലത്തേ അങ്ങേതിലേ ആ പെ ണ്ണു് പാലു മേടിക്കാൻ അവിടെ ചെന്നപ്പം പീലിപ്പോ സും അവളും കൂടെ കതകടച്ചിട്ടോണ്ടിരുന്നു കിലുകിലെ എണ്ണിക്കൂട്ടുന്നു. അവളേ താപെണ്ണു അവളു ചെന്നു കത കിൻെറ എടേക്കൂടെ ഉളിഞ്ഞു നോക്കിക്കണ്ടു. നെല്ലിമൂട്ടി ക്കാക്കു ഇതിനുമാത്രം പണം കിട്ടാൻ വകയില്ലെന്നു് അ വക്കുമറിയാമ്മേലേ. അവളു ചെന്നു് അവടെ അപ്പ നോടു പറഞ്ഞു. അങ്ങനെയല്ലേ വെളിക്കായതു.

ഗൃ—നായ: ഏതായാലും ചെവിതുറന്നു പുറ ത്തിറങ്ങാൻ വയ്യാതായി, കഷ്ടം തന്നെ.

ഗൃ—നായി: പിന്നെങ്ങിനാ മാനമര്യാദയായിട്ടു കഴിക്കുന്നോരു ഇത്തരം വത്തമാനമൊക്കെ കേട്ടോണ്ടു നടക്കുന്നതു്. ആണുംതൂണുമില്ലാത്ത വീട്ടു്, ഒരു പെമ്പി ള്ള ശൃംഗാരി ചമഞ്ഞു് വഴിയേ പോകുന്നോരേ ഒക്കെ വിളിച്ചു കേററി കിടത്തും. എന്നിട്ടു കൈയിൽ കിട്ടുന്ന

തൊക്കെ കുത്തിക്കവരും. ഇതല്ലെ അവരടെ ഇപ്പഴത്തെ കച്ചവടം.

(വേറൊരാൾ പ്രവേശിക്കുന്നു.)

ഗൃ—നായി: അതാ നമ്മുടെ പാണാപടിക്കലെ മുതലാളിയല്ലേ വരുന്നെ. കേട്ടോ നെല്ലിമൂട്ടിലെ കഥകള്?

മുതലാ: വഴിക്കു ചിലതെല്ലാം കേട്ടു, പക്ഷെ അതു പരമാത്ഥമാണോ?

ഗൃ—നായി: പിന്നെ നുണയാണോ? ഞങ്ങൾക്കു പിന്നെ നെല്ലിമൂട്ടിക്കാരോടു വിരോധമാണെന്നു നിങ്ങളൊക്കെ പറയുമെങ്കിലും കരക്കാർക്കെല്ലാം അവരോടു വിരോധമില്ലല്ലൊ.

മുതലാ: ഏയ്, അവരെ ഞാനുമറിയുമല്ലൊ. അവരിത്തരമൊരു പ്രവൃത്തി ചെയ്യുമെന്നു എനിക്കു തോന്നുന്നില്ല. ഇതിലെന്തോ ചില രഹസ്യങ്ങളുണ്ടു്.

ഗൃ—നായ: (ചിരിച്ചും കൊണ്ടു്) പിന്നെന്താ അവരുടെ രഹസ്യക്കാരു വല്ലവരും ൨൦൦൦ രാശി കൊണ്ടെ എറിഞ്ഞു കൊടുത്തേച്ചു പോയതാണോ? മുതലാളി ഇത്ര ശുദ്ധഗതിക്കാരനോ!

മുതലാ: ആവട്ടെ, നായരേ തല്ലിക്കൊന്നെന്നു നിങ്ങളൊക്കെ പറയുന്നുണ്ടല്ലൊ. എന്നാൽ അയാളെ എവിടെയാണു കുഴിച്ചിട്ടിരിക്കുന്നതെന്നു കണ്ടുപിടിക്കരുതോ?

ഗൃ—നായി: ഹാ, ഞങ്ങളാണേ ഇതൊക്കെ പറയുന്നതു്? കരക്കാരല്ലേ. വല്ല കുരുത്തംകെട്ടവരാണെങ്കിലും അയലത്തു കിടക്കുന്നവരല്ലേ. അതും ഇതും കേൾപ്പിക്കാതെ കഴിഞ്ഞു കൂടണമെന്നേ ഞങ്ങൾക്കുള്ളു.

പുത്രൻ: എങ്ങിനാണ്ടോ ഒരു പൊട്ടക്കിണററിന്റെ കരക്കു രക്തം കിടക്കുന്നതു കണ്ടെന്നു വഴിയേ ആരോ പറഞ്ഞുകൊണ്ടുപോകുന്നതുകേട്ടു.

മുതലാ: നെല്ലിമൂട്ടിക്കാരേ കൊണ്ടു ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ഞാനിതു വിശ്വസിക്കയില്ല

ഗൃ—നായ: വിശ്വസിക്കണമെന്നാരുപറയുന്നു. മുതലാളിയും ഇന്നുരാത്രി അവിടെ ആയിക്കളയണം.

മുതലാ: ഏയ്, അവരെന്താ യക്ഷിയോ മററൊ ആണോ? എന്നെയും പിടിച്ചു തിന്നുകളയുമൊ?

ഗൃ—നായി: യക്ഷിയൊമററൊ ആണെങ്കിൽ നിവൃത്തിയുണ്ടല്ലൊ. കുലത്തിൽ പിഴച്ച പെണ്ണുങ്ങളേയാണു് യക്ഷിയെക്കാൾ പേടിക്കേണ്ടതു്.

മുതലാ: ഇതു നിങ്ങൾ സ്ത്രീകളുടെപതിവാണു്. പരസ്പരം അസൂയയും ദൂഷണവും പറക എന്നുള്ളതു്.

ഗൃ—നായി: എന്റപ്പാ എന്നെപ്പററി ആരും, ഒരു പെണ്ണും ഇതുവരെ ഇങ്ങിനെ പറഞ്ഞിട്ടില്ല. ഇനിയൊട്ടു പറകേയില്ല. ഇനിക്കിവിടെ ആളും അത്ഥവുമുണ്ടു്. അതു കൊണ്ടു വഴിയെ പോകുന്നവരെ ആരേയും വിളിച്ചു കിടത്തി ഇനിക്കെന്റെ കുഞ്ഞുങ്ങളേ പുലത്തണ്ട.

മുതലാ: കൊള്ളാം നിങ്ങളീങ്ങനെ കഴിക്കു്. അവരങ്ങിനെ കഴിക്കട്ടെ. ഏതായാലും എനിക്കെന്തു്?

ഗൃ—നായി: ഈ വക നേട്ടമൊന്നും ഞങ്ങൾക്കു വേണ്ടപ്പാ വേണ്ടാ. അല്ലെങ്കി ആ നായരെ എനിക്കു വിടണ്ടായിരുന്നല്ലൊ.

മുതലാ: അപ്പൊ അയാള്‍ിവിടെ വന്നിട്ടാണൊ അങ്ങോട്ടുപോയതു്?

ഗൃ—നായി: പിന്നെ, അപ്പം മുതലാളി അതറിഞ്ഞില്ലെന്നു പറ. സന്ധ്യായപ്പം ഇവിടെ കിടക്കണോന്നും പറഞ്ഞു വലിഞ്ഞുകേറിവന്നതല്ലെ. അയാളുഭാണ്ഡുക്കെട്ടുകൊണ്ടു തിണ്ണയിലിറക്കിയപ്പഴേകിലുകിലാന്നുകേട്ടു. അപ്പഴേ ഞാൻ നിശ്ചയിച്ചതാ ഇതു് നെല്ലിമൂട്ടിലൊതുങ്ങുമെന്നു്. ഇവിടെ കിടക്കാനൊക്കുകില്ലെന്നും പറഞ്ഞു ഞാനല്ലേ പടിയിറക്കിവിട്ടതു്.

മുതലാ: ആ സാധു അപ്പോ അപകടത്തിൽ ചാടുമെന്നു കണ്ടുകൊണ്ടു നിങ്ങളിളക്കി വിട്ടതു് കഷ്ടമായിപോയല്ലൊ.

ഗൃ—നായി: അയാടെ ആ പണക്കെട്ടു കെണ്ടുവന്നു കിലുകിലെന്നു തിണ്ണേലിട്ടതിൻെറ അത്ഥമെന്തെന്നു മുതലാളിക്കു മനസ്സിലായില്ലെ? ഞാമ്പറഞ്ഞു അതൊന്നും ഇവിടെ പറവുകില്ല, കടക്കുവെളിക്കെന്നു. ഹും!

ഗൃ—നായി: നമ്മളെന്തിനു അതുമിതും പറഞ്ഞു സമയം കളയുന്നു. സക്കാരുകാരു വേണ്ടു അന്വെഷണം തുടങ്ങിയിട്ടുണ്ടെന്നാണു കേൾവി. ചെയ്യുവനനുഭവിക്കട്ടെ.

മുതലാ: ദൈവം സത്യമുള്ളവനാണല്ലൊ.

ഗൃ—നായി: അതേ, അതാണു ഞാനും പറയുന്നതു്. എല്ലാം നട്ടുച്ചപോലെ തെളിഞ്ഞു വരുന്നതു നമുക്കു കാണാം.

കട്ടൻ.

# രംഗം IV
## സീൻ I

നെല്ലിമൂട്ടിൽഭവനം. വലിയസർവ്വാധി, വിചാരിപ്പുകാർ, കാര്യക്കാർ, പടത്തലവൻ, മേലെഴുത്തുപിള്ള, മുതൽപ്പേർ മുതലായ ഉയൻ്ന ജീവനക്കാരും, ഏതാനം കുഞ്ചൂട്ടക്കാരും, കുറെ എക്സ്ട്രാപോലീസും ഭവനാങ്കണത്തിൽ വന്നു നിരക്കുന്നു. പിമ്പെ പീലിപ്പോസ് മുതലാളി, ഏതാനും കരപ്രമാണികൾ ഇവരും പ്രവേശിക്കുന്നു. പ്രധാനഉദ്യോഗസ്ഥന്മാർ പൂമുഖത്ത് മെത്തത്തടുക്കുകളിലും, പലകകളിലുമായി ആസനസ്ഥരാകുന്നു.

വലിയസർവ്വാധി: (ഒരു കരപ്രമാണിയോട്ട്) നെല്ലിമൂട്ട് എന്നഭവനം ഇതുതന്നെയല്ലെ?

കര—പ്രമാ: ഉത്തരവ്. ഇതുതന്നെ

വ—സ: ഈ വീട്ടിലെ കാരണവരാരാണ്? ഇങ്ങോട്ടു മാറിനില്ക്കട്ടെ. (പീലിപ്പോസു മുതലാളി പഞ്ചപുഛങ്ങളടക്കി മുമ്പോട്ടു മാറിനിൽക്കുന്നു.)

വ—സ: (ഒരോലയിൽ നോക്കിക്കൊണ്ട് ഉണ്ണൂണ്ണിയമ്മ എന്നസ്ത്രീ നിങ്ങൾക്കെന്തോകും?

പീലി—മുത: ജ്യേഷ്ഠൻെറ ഭാര്യയാണ്.

വ—സ: അവർ എവിടെ?

പീലി: അകത്തുണ്ട്.

വ—സ: അവരെ തിരുവനന്തപുരത്തു മഹാരാജാവുതിരുമനസ്സിലെ തിരുസന്നിധിയിൽ ഉടനെ ഹാ

ജരാക്കാൻ കല്പന വന്നിരിക്കുന്നു. ഉടൻ പുറപ്പെടണം ഉം. ക്ഷണം.

ഒരുവൻ: (സമീപസ്ഥനോട്) മരണശിക്ഷതന്നെ നിശ്ചയിച്ചിരിക്കുന്നതു്. അല്ലങ്കിൽ തിരുസന്നിധിയി ലേക്കു കൊണ്ടു ചെല്ലുവാൻ കല്പനയുണ്ടാവുകില്ല.

ഇതരൻ: പാവം, അവരൊരു നല്ല സ്ത്രീയായിരുന്നു. ഇതെന്തബദ്ധമോ ഈ കഷ്ടകാലത്തിനിതു തോന്നിയതു.

മൂന്നാമൻ: പച്ചക്കല്ലേ വെട്ടിക്കുരുതി കഴിച്ചതു്. പിന്നെ എങ്ങിനെ തൂക്കാതിരിക്കും.

പീലി: ദയവുണ്ടായി രക്ഷിക്കണം. അവർ ഇതി ലൊന്നും അറിഞ്ഞതല്ല. ആ വൃദ്ധൻനായർ രാത്രികി ടക്കുവാൻ കയറി വന്നതാണ്. വെളുപ്പിനെ അയാൾ കിടന്നപായ് എടുത്തു വയ്ക്കുവാൻ ചെന്നപ്പോഴാണ് മടിശ്ശീല കണ്ടുകിട്ടിയതു്. ഞങ്ങളന്നുമുതൽ പല അ ന്വേഷണങ്ങളും ചെയ്തു. ആളിനെ കണ്ടുകിട്ടായ്കയാൽ പണക്കിഴി തൊടാതെ ഇവിടെ വച്ചിട്ടുണ്ടു്. അതു സമ ക്ഷത്തിൽ ഹാജരാക്കാം. പരമാൎത്ഥമറിയാതെ........

സർവ്വാ: ഞങ്ങൾക്കിക്കഥയൊന്നും കേൾക്കണ്ട. ആ സ്ത്രീയെ ഉടൻതന്നെ തിരുസന്നിധിയിൽ ഹാജരാക്കി ക്കൊള്ളുണമെന്നാണ് കല്പന. അതനുസരിച്ചു പ്രവ ൎത്തിക്കാനെ ഞങ്ങൾക്കധികാരമുള്ളു. പറവാനുള്ളതൊ ക്കെ തിരുമുമ്പിൽ ഉണൎത്തിച്ചു കൊള്ളണം.

പടത്തലവൻ: ഉം വേഗമാകട്ടെ. ഇവിടെ പേശി ക്കൊണ്ടു നില്ക്കുവാൻ സമയമല്ല.

പീലി: ഉത്തരവാകുന്ന എന്തു പിഴവേണമെങ്കി

ലും ഞങ്ങൾ തന്നുകൊള്ളാം. ദേഹശിക്ഷയാണു വിധിക്കുന്നതെങ്കിലും ഞങ്ങൾ പുരുഷന്മാർ അനുഭവിച്ചു കൊള്ളാം. സ്ത്രീകളെ മാത്രം അവമാനിപ്പാൻ ഉത്തരവാകരുതെന്നു അപേക്ഷയുണ്ടു്.

സർവ്വാധി: അധിക്ഷേപിപ്പാനും, അപമാനിപ്പാനും ഒന്നിനും ഞങ്ങൾക്കുത്തരവില്ല. അതെല്ലാം തിരുമനസ്സിലെ മുമ്പിൽ ചെന്നതിനുശേഷം തീരുമാനിക്കേണ്ടതാണു.

പീലി: എന്നാലെന്റെ ജീവഹാനി വരുത്തിയിട്ടു് സമക്ഷത്തു നിന്നും എന്തും ചെയ്തു കൊള്ളണം.

വിചാരിപ്പു: മുതലാളി സംഭ്രമിക്കാതെ ഞാൻ പറയുന്നതു കേൾക്കണം. തിരുമനസ്സിൽ നിന്നും മററു വിധത്തിൽ കല്പന കിട്ടുന്നതുവരെ ഒരു സ്ത്രീയായതുകൊണ്ടു് അവരെ ഞങ്ങൾ ഒരുവിധത്തിലും അവമാനിക്കുന്നതല്ല.

പടത്തല: ഞങ്ങൾമൂലം എന്തെങ്കിലും അവമാനം സംഭവിക്കുമെന്നു് മുതലാളി ശങ്കിക്കണ്ട. എന്തുതന്നെയായിരുന്നാലും സ്ത്രീത്വത്തെ മാനിപ്പാൻ ഞങ്ങൾക്കറിയാം. തള്ളയും ഉടപ്പിറന്നവരുമൊക്കെ ഞങ്ങൾക്കുമുണ്ടു്.

വിചാരിപ്പു: അതാ മേനാവു കൊണ്ടു വരുന്നതു കൊണ്ടുതന്നെ ഞങ്ങൾ പറയുന്നതിന്റെ വാസ്തവം മനസ്സിലാക്കരുതോ.

സർവ്വാധി: ഇനി താമസിപ്പാൻ നിവൃത്തിയില്ല. ഉണ്ണുംണ്ണിയമ്മയെന്ന സ്ത്രീ എവിടെ. ഇവിടേക്കുവരട്ടെ.

ജനക്കൂട്ടത്തിലൊരുവൻ: ഈ മേനാവും മററും വ

രുത്തിയിരിക്കുന്നതു് കശപിശയൊന്നും ഉണ്ടാകാതെ അവരെ സൂത്രത്തിൽ കൊണ്ടു പോവനുള്ള തന്ത്രമാണു്. സ്ത്രീകളല്ലെ ബലം പ്രയോഗിക്കണ്ട എന്നുകരുതി കൊണ്ടു മാത്രം.

ഇതരൻ: (പീലിപ്പോസു മുതലാളിയോടായിട്ടു രഹസ്യത്തിൽ) കേട്ടോ മുതലാളി. ഈ തന്ത്രത്തിലൊന്നും പെടരുതു്. ഉണ്ണൂണ്ണിയമ്മയെ നമുക്കു മറുപുറെ കടത്തണം.

പീലി: (സർവ്വാധിയോടു്) ഇതു ഞങ്ങളുടെ കുടുംബത്തേക്കു തീർത്താൽ തീരാത്ത ഒരപമാനമാണു്. അവിടത്തേക്കും തള്ളയും ഉടപ്പിറന്നവരുമൊക്കെയുണ്ടല്ലൊ.

സർവ്വാധി: ഉം മര്യാദപറഞ്ഞാൽ കേൾക്കയില്ലെങ്കിൽ ബലമായി കൊണ്ടുപോകുവാനാണു് ഞങ്ങൾ ഉദ്ദേശിക്കുന്നതു്. ഞങ്ങൾ പറയുന്നതിനെ വിശ്വസിച്ചു മാനം മര്യാദക്കു് മേനാവിൽ കയറുന്നോ?

പടത്തല: അതോ?

പീലി: (സമീപസ്ഥനായ ഒരു മിത്രത്തോടു രഹസ്യത്തിൽ) നീ ക്ഷണം അകത്തുപോയി അവരെ പുറവശെ കടത്തി രക്ഷിക്കണം. ക്ഷണംവേണം. താമസിച്ചാൽ കുഴപ്പമാകും.

(ഇതരൻ ധൃതിയിൽ പോകുന്നു)

(പീലിപ്പോസു മുതലാളിയുടെ രഹസ്യഭാഷണവും ഇതരൻെറ യാത്രയും സൂക്ഷിച്ചു കൊണ്ടിരുന്ന പടത്തലവൻ.)

"കുഞ്ചുട്ടക്കാരെവിടെ. ഉം വളയട്ടെ പുര."

(അവർ അപ്രകാരം ചെയ്യുന്നു.)

(അണിയറയിൽ നിന്നും സ്ത്രീകളുടേയും, കുട്ടികളുടേയും രോദനം. കൂട്ടത്തിൽ നിന്നും ഒരു വൃദ്ധൻ മുമ്പോട്ടു വന്ന് സർവ്വാധിയോടായിട്ട്) "നിങ്ങളൊക്കെ നാട്ടുഭരിക്കുന്ന പൊന്നുതമ്പുരാൻെറ ആളുകാർ. നിങ്ങൾ പറയുന്നതു് പൊന്നുതമ്പുരാൻെറ ഉത്തരവായിട്ടു തന്നെ ഞങ്ങൾ അനുസരിക്കയെ നിവൃത്തിയുള്ളു. (പീലിപ്പോസു മുതലാളിയുടെ നേക്കുതിരിഞ്ഞു്) വിട്ടുകുഞ്ഞെ ആ പെണ്ണിനേക്കൂടെ വിട്ട്. കൊല്ലാനാണേ കൊല്ലട്ടെ. തിന്നാനാണേ തിന്നട്ടെ. പൊന്നുതമ്പുരാൻെറ കല്പനയല്ലേ.

<u>മറെറാരു കരപ്രമാണി:</u> പിന്നെയല്ലാണ്ടു. നമ്മളൊക്കെ തമ്പുരാൻെറ ഉപ്പും ചോറും തിന്നുന്നവർ. രക്ഷക്കും, ശിക്ഷക്കും അധികാരമുള്ളതു ആ തിരുമേനിക്കു്. ആ തിരുമുമ്പിലേക്കു തന്നെയല്ലെ കൊണ്ടുപോകുന്നതു്. പിന്നെന്തിനു സംശയിക്കുന്നു!

<u>ഇതരൻ:</u> അതല്ലെ ഞാനും പറയുന്നതു? തമ്പുരാനെ പേടിച്ചാല്ലൊളിക്കാൻ കാടൊണ്ടോ. മുതലാളി ആ പെണ്ണിനേ കൂടിങ്ങുറക്കി വിട്ടാട്ടെ.

<u>വൃദ്ധൻ:</u> (സർവ്വാധിയോടു്) പിന്നെ ഞങ്ങൾക്കു ഒരപേക്ഷയുണ്ടു്. സ്ത്രീകളല്ലെ വീട്ടുവിട്ടു പുറത്തെങ്ങും പോയിട്ടില്ലാ. നിങ്ങളൊക്കെ പരിചയമില്ലാത്തവരും. അതുകൊണ്ടു് പുരുഷന്മാർ ആരെങ്കിലുംകൂടി ഉണ്ണൂണ്ണിയമ്മയുടെ കൂട്ടത്തിൽ പോരുന്നതിന് അനുവദിക്കണം.

<u>സർവ്വാധി:</u> ഞങ്ങൾക്കതു സന്തോഷമാണു്.

<u>കരപ്രമാണി:</u> പീലിപ്പോസു മുതലാളിതന്നെ കൂട്ടത്തിൽ പോകട്ടെ.

പടത്തലവൻ: ഏതായാലും ഇനി താമസിക്കുവാൻ നിവൃത്തിയില്ല. മഹാരാജാവു തിരുമനസ്സിലെ കല്പന നടത്തുവാൻ വന്നിരിക്കുന്ന ഞങ്ങൾക്ക് വീട്ടുകാരോടും നാട്ടുകാരോടും നല്ലവാക്കും മര്യാദയും പറഞ്ഞു നില്ക്കുവാൻ കടമയില്ലെന്നുള്ള വിവരം അറിയാമല്ലോ.

സർവ്വാധി: ഉണ്ണൂണ്ണിയമ്മ പുറത്തേക്കിറങ്ങുന്നില്ലെങ്കിൽ എക്സ്ട്രാപോലീസുകാർ കുറെപ്പേർ അകത്തേക്കു കയറും.

(അകത്തെ രോദനം ക്രമശഃ വർദ്ധിക്കുന്നു)

പിലി: വേണ്ട ഞാൻ കൂട്ടിക്കൊണ്ടു വരാം.

മുതലാളി അകത്തേക്കു പോയി അല്പം കഴിഞ്ഞു് ശുഭവസ്ത്രാലംകൃതയായ ഉണ്ണൂണ്ണിയമ്മയോടുകൂടി പുറത്തേക്ക് വരുന്നു. അകത്തുനിന്നും പുറത്തുനിന്നും വലിയ രോദനം പ്രതിധ്വനിക്കുന്നു. ധാരധാരയായി പ്രവഹിക്കുന്ന കണ്ണുനീരോടു കൂടി ഉണ്ണൂണ്ണിയമ്മ സമീപസ്ഥരായ ഗുരുജനങ്ങളുടെ പാദങ്ങളിൽ തൊട്ടു നമസ്കരിച്ചുകൊണ്ടു് ഒടുവിൽ എല്ലാവരുടേയും നേക്കു തിരിഞ്ഞു് കൈ കൂപ്പിക്കൊണ്ടു ഗൽഗദത്തോടു കൂടി "ഞാൻ പോയിവരട്ടെ. ഞാൻ നിരപരാധിയാണെന്നു് ദൈവത്തിനും നിങ്ങൾക്കുമറിയാം. എനിക്കു വേണ്ടി പ്രാർത്ഥിക്കണെ."

എല്ലാവരും നിറഞ്ഞ കണ്ണുകളോടുകൂടി അവരെത്തന്നെ നോക്കിക്കൊണ്ടു നിൽക്കുന്നു.

കട്ടൻ

# സീൻ II

ചിറവുണ്ടഭവനം. ഗൃഹസദസ്സ്, നായിക, പുത്രൻ, പുത്രി രണ്ടു ബന്ധുസ്ത്രീകൾ. ഇവർ യഥാസ്ഥാനങ്ങളിൽ ഇരിക്കുന്നു.

ഗൃ—നാ: എങ്കിലും ആ മഹാപാപി പെണ്ണുങ്ങളുടെ കുലത്തിനുകൂടി മാനക്കേടു വരുത്തിയേച്ചല്ലെ കഴുവേൽ തൂങ്ങാൻ പോയിരിക്കുന്നതു്.

പുത്രൻ: ഇപ്പംകണ്ടില്ലേ നേരുംനേരു പോലെ തെളിഞ്ഞതു്. പിടിച്ച പിടിയാലെയല്ലെ തൂക്കിക്കൊണ്ടു പോയതു്.

ഒരുസ്ത്രീ: അതൊക്കെ ദൈവമല്ലേന്നു്. നോയമ്പും, നൊമ്പാരവും കൊണ്ടു മനുഷ്യരുടെ കണ്ണിൽ പൊടിയിട്ടാലും ദൈവത്തിന്റെ കണ്ണു കെട്ടാനൊക്കുവോന്നേ.

ഗൃ—നാ. അവളു ചിറവുണ്ടക്കാരേപ്പോലെയാകാൻ ഞെളിഞ്ഞതല്ലെ. ഇതുപ്പോലെ ഒരു മാളിയ പണിയിക്കാൻ. ഇവിടുത്തെ പരിയം പുറത്തു പൊഴിയുന്നതവക്കുണ്ടായിരുന്നെങ്കിൽ ഇതു വല്ലോം ആയിരുന്നോ കളി.

ഇതരസ്ത്രീ: ദൈവം അറിഞ്ഞുതന്നെ കുതിരക്കു കൊമ്പും അട്ടക്കു കണ്ണും കൊടുക്കാത്തതു്.!

പുത്രി: ഉണ്ണംണ്ണിയമ്മയെ അവിടെകൊണ്ടുചെന്നു എന്തു ചെയ്യുമമ്മച്ചീ. കൊന്നുകളയുമോ.?

ഗൃ—നാ: പിന്നെ പൊന്നുമുടീംവപ്പിച്ചു സിംഹാസനത്തേ കേററാനല്ലെ കൊണ്ടുപോയിരിക്കുന്നതു്. അവിടെ കൊണ്ടുചെല്ലുമ്പഴേ ആരാച്ചാരു ഒരു വാളുമായിട്ടു

വന്നു് ഒററവെട്ടു. അതോടെ തലവേറെ മണ്ടവേറെ. അത്രതന്നെ. പക്ഷെ ആ നിഷേധിക്കളെ വന്നാപോരാ.

ഒരുസ്ത്രീ: എൻെറ ദൈവമേ കൊല്ലും കൊലയും എന്നൊക്കെ കേട്ടിട്ടേ ഉള്ളു. ഈ ഉള്ളവരുടെ കുടുംബത്തിങ്കും ഇത്തരമൊന്നുമുണ്ടായിട്ടില്ല. കരക്കൂടെ മാനക്കേടായി. പെണ്ണുങ്ങടെ മനക്ഷേത്രരുടെ മൊഹത്തുനോക്കി നടക്കാൻ വയ്യാതായി. എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ.

ഗൃ—നാ: അതല്ലേന്നേ ഞാനും പറേണെ.

ഇതരസ്ത്രീ: പാവം ആ കുഞ്ഞുങ്ങക്കിനിയാരൊരുതാങ്ങു.

ഗൃ—നാ: അതും വിത്തിതല്ലെ. തള്ളയുടെ വഴി തത്തെ പിള്ളകളും.

കട്ടൻ.

---

## രംഗം V
## സീൻ I

(മഹാരാജാവു്, വലിയരായസ്സം രാമയ്യൻ, തമ്പിമാർ, ഇളയതമ്പുരാൻ, ആയുധധാരികളായ ഗാട്ടകാർ എന്നിവർ പ്രത്യക്ഷപ്പെടുന്നു. മഹാരാജാവു് ഊരിപ്പിടിച്ച ഖഡ്ഗത്തോടുകൂടി ആരുടേയോ വരവിനെ പ്രതിക്ഷിച്ചു കൊണ്ടെന്നവണ്ണം നിലകൊള്ളുന്നു.)

(ഒരു സേവകൻ പ്രവേശിച്ചു താണുതൊഴുതിട്ടു്) “പടത്തലവൻ മുഖം കാണിപ്പാൻ സമയം പാർത്തുനില്ക്കുന്നു ”

മ—രാ: തനിച്ചോ?

സേവകൻ: ഒരു സുറിയാനി സ്ത്രീയും വേറൊരാളും കൂട്ടത്തിലുണ്ട്.

മ—രാ: അകത്തു വരട്ടെ

സേവകൻ: കല്പന. (പോകുന്നു)

(പടത്തലവൻ, ഉണ്ണൂണ്ണിയമ്മ, പീലിപ്പോസുമുതലാളി എന്നിവർ പ്രവേശിക്കുന്നു. എല്ലാവരും മഹാരാജാവിനെ താണുനമസ്കരിക്കുന്നു.)

മ—രാ: (പീലിപ്പോസ് മുതലാളിയെ നോക്കിക്കൊണ്ട്) ഇതാരാണ്?

പടത്തല: ഈ സ്ത്രീയുടെ ഭർത്താവിൻെറ അനുജൻ.

മ—രാ: (സ്ത്രീയുടെ നേക്കുതിരിഞ്ഞു്) നിങ്ങൾ തന്നെയോ നെല്ലിമൂട്ടിൽ ഉണ്ണൂണ്ണിയമ്മയെന്ന സ്ത്രീ? ഇങ്ങു മാറിനില്ക്കട്ടെ.

ഉണ്ണൂണ്ണിയമ്മ: (മുമ്പോട്ടു മാറിനിന്നുകൊണ്ടു.) അടിയൻ.

(മഹാരാജാവു് അല്പം പിൻതിരിഞ്ഞു് വിളിക്കുന്നു.) "മേിടാലം"

(അണിയറയിൽ നിന്നും) അടിയൻ.

(ഒരു വൃദ്ധൻനായർ പ്രവേശിക്കുന്നു.)

മ—രാ: (വൃദ്ധൻെറ നേരെ വാൾ ചൂണ്ടിക്കൊണ്ട് ഉണ്ണൂണ്ണിയമ്മയോട്) ഇയ്യാളെ മുമ്പു കണ്ടിട്ടുണ്ടോ?

ഉ—അ: (കണ്ണുനീർ പ്രവാഹത്തോടും ഗൽഗദത്തോടും കൂടി) അടിയൻെറ കുപ്പപ്പാട്ടിൽ ഒരുരാത്രി ആ മടിശ്ശീല മറന്നു...(നമ്രമുഖയായി മുലക്കച്ചെത്തുമ്പാൽ

കണ്ണീർ തുടച്ചുകൊണ്ടു്) പിന്നീട്ട് പലേടത്തും അന്വേഷിച്ചു. മോഷ്ടിച്ചതല്ല. കല്പിച്ചു രക്ഷിക്കണം. അടിയൻ അടിയൻ സാധു!! (തേങ്ങിക്കരയുന്നു.)

(മഹാരാജാവു് ഉഗ്രമായി മുതലാളിയെ നോക്കുന്നു. മുതലാളി വിറച്ചുകൊണ്ടു് പണസഞ്ചി തിരുമുമ്പിൽ വച്ചു് തൊഴുതിട്ടു്) "തിരുവുള്ളമുണ്ടായി രക്ഷിക്കണം. അടിയങ്ങൾ മനസാ, വാചാ കർമ്മണാ ഇതിൽ യാതൊരു അപരാധവും ചെയ്തിട്ടില്ല. ആ മനുഷ്യൻ മറന്നു വച്ചിട്ടു പോയതാണു്. ആളിനെ കണ്ടുപിടിച്ചു മടക്കിക്കൊടുക്കാൻ അന്നുമുതൽ അന്വേഷിച്ചു കൊണ്ടിരിക്കയാണു്. കല്പിച്ചു രക്ഷിക്കണം.

<u>മ—രാ:</u> (ഗൗരവത്തിൽ) മോഷ്ടിച്ചതാണെങ്കിലും അല്ലെങ്കിലും ഇവിടെയതു വേണ്ട. പണസഞ്ചി തിരിച്ചേടുക്കു.

മുതലാളി അപ്രകാരം ചെയ്യുന്നു.

<u>മ—രാ:</u> (പടത്തലവനോടു്) പട്ടാളങ്ങൾ തയ്യാറായോ? എത്രകുപ്പിണി?

<u>പടത്തല:</u> റാൻ കാലാൾ രണ്ടും ബാണപ്പള്ളി ഒന്നും ഉൾപ്പെടെ മൂന്നു കുപ്പിണി. കല്പനയനുസരിച്ചു വേണ്ട ചട്ടം കെട്ടുകളെല്ലാം ചെയ്തു. സർവ്വാധികാര്യമറവും ഇന്നലെത്തന്നെ നിനവുചീട്ടയച്ചു കഴിഞ്ഞു.

<u>മ—രാ:</u> (അല്പം പിന്തിരിഞ്ഞു്) ആരവിടെ?

(നമ്പൂരിയും, കൊച്ചിരവിയും പ്രവേശിച്ചു താണു തൊഴുതു് അല്പം വാങ്ങി നില്ക്കുന്നു.)

<u>മ—രാ:</u> (ഉണ്ണുണ്ണിയമ്മയോടു്) ഇവരെ മുമ്പുകണ്ടിട്ടുണ്ടോ?

ഉ—അ: (സൂക്ഷിച്ചിട്ട് അതിഭീതിയോടെ) ഇല്ല.

മ—രാ: ഇവിടെ നില്പുള്ളതിൽ പടത്തലവനെയൊഴിച്ച മററാരേയും മുമ്പു കണ്ടിട്ടുള്ളതായി ഓർമ്മയില്ലേ. സൂക്ഷിച്ചനോക്കൂ.

ഉ—അ: (ചററും നോക്കീട്ട്) അടിയന്ന് ഓർമ്മയില്ല.

മ—രാ: (നമ്പൂരിയേയും, കൊച്ചിരവിയേയും ചൂണ്ടിക്കാണിച്ചകൊണ്ട്) ഏതാനും വർഷങ്ങൾക്കമുമ്പ് ഒരു ചെറിയ ഉണ്ണിയോടുകൂടി ഒരുദിവസം കാലത്തു നെല്ലിമൂട്ടിലെത്തിയതു ഇവർ തന്നെയായിരുന്നോ? ആലോചിച്ച പറയൂ.

ഉ—അ: (ആലോചനാഭാവത്തിൽ) ആണെന്നു തോന്നുന്നു.

മ—രാ: ആ ഉണ്ണിയെ അതിൽ പിന്നീടു കണ്ടിട്ടുണ്ടോ?

ഉ—അ: ഇല്ല.

മ—രാ: ആവട്ടെ ആ ഉണ്ണി ഈ തളത്തിൽ നില്ക്കുന്നവരുടെ കൂട്ടത്തിൽ ഉണ്ടോയെന്നു നോക്കണം.

ഉ—അ: (ഓരോരുത്തരേയും സൂക്ഷിച്ച നോക്കിയിട്ട്) ഉള്ളതായി തോന്നുന്നില്ല.

മ—രാ: ഒന്നുകൂടി സൂക്ഷിച്ചനോക്കൂ. അന്നു ഉണ്ണിയായിരുന്നെങ്കിൽ ഇന്നുവളർന്നുകാണും. താടിയും മീശയും ഒക്കെ കണ്ടേക്കുവരാം.

ഉ—അ: (എല്ലാവരേയും ഒന്നുകൂടി സൂക്ഷിച്ച നോക്കിയിട്ട്) അടിയന് ഓർമ്മ വരുന്നില്ല.

മ—രാ: ശരി, എന്നാൽ ആ ഉണ്ണി ഇവിടെത്തന്നെയുണ്ടു്.

ഉണ്ണൂണ്ണിഅമ്മ സംഭ്രാന്തയായി ചററും നോക്കുന്നു.

മ—രാ: നമ്മുടെ പ്രിയപ്പെട്ട അമ്മച്ചിയുടെ അന്നത്തെ ഉണ്ണി ഈ നില്ക്കുന്ന ഞാൻതന്നെയാണു്. (മഹാരാജാവു് പീഠത്തിൽ നിന്നും താഴെ ഇറങ്ങി മാതൃസന്നിധിയിലേക്കെന്നപോലെ സ്നേഹാദരങ്ങളോടു കൂടി മുമ്പോട്ടു നീങ്ങുന്നു.)

ഉ—അ: (സഗദ്ഗദം) അയ്യോ, പൊന്നുതിരുമേനിയോ അടിയന്റെ കുപ്പപ്പാട്ടിൽ എഴുന്നള്ളിയതു്? (അവർ മോഹാലസ്യപ്പെട്ടു പിമ്പോട്ടു മറിയുകയും മഹാരാജാവു് വാൾതാഴെ ഇട്ടുകൊണ്ടു് തിരുക്കരങ്ങൾ നീട്ടി ആ തള്ളയെ താങ്ങുകയും ചെയ്യുന്നു. മുതലാളി അടുത്തു ചെന്നു് ബോധരഹിതയായ സ്ത്രീയെ തൃക്കരങ്ങളിൽ നിന്നും ഭരമേററുകൊണ്ടു് ശീതോപചാരം ചെയ്തു ശുശ്രൂഷിക്കുന്നു.)

(ഉണ്ണൂണ്ണിഅമ്മ അല്പാല്പമായി കണ്ണു തുറന്നു് ഒരുവിധത്തിൽ നിവൎന്നു നില്ക്കുന്നു.)

മ—രാ: അമ്മച്ചി ഭയപ്പെടേണ്ട. മനസ്സലിവും, മൎയ്യാദയും, മഹാമനസ്കതയും കൊണ്ടു് അമ്മച്ചി എന്റെ മാത്രമല്ല ഇന്നുമുതൽ ഈ രാജ്യത്തുള്ള നമ്മുടെ സകല പ്രജകളുടേയും അമ്മച്ചിയായി തീൎന്നിരിക്കുന്നു. നമ്മുടെ അമ്മച്ചിയെ നമ്മുടെ പ്രജകൾ ഏവരും ആ സംജ്ഞയാൽ തന്നെ സംബോധന ചെയ്യണമെന്നു് നാം കല്പിക്കുന്നു.

<u>ഉ—അ:</u> "തിരുമേനി, പൊന്നുതിരുമേനി."

<u>മ—രാ:</u> ശത്രുക്കളെ ഭയപ്പെട്ട് ഭക്ഷണവും, നിദ്ര യും, ലഭിക്കാതെ പ്രാണരക്ഷക്കായി നാം ഓടിനടന്ന കാലത്തു് യാതൊരറിവുമില്ലാതെ തന്നെ നമ്മെ സ്വ പുത്രനെപ്പോലെ സ്വീകരിച്ചു് തള്ളയെപ്പോലെ ശുശ്രൂ ഷിച്ചു വിശപ്പുംദാഹവും തീൎത്തു പ്രാണനേയും രക്ഷിച്ചയ ച്ചനെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചിയുടേയും, അഹംകാരി കളും നമ്മെ അനാദരിച്ചയച്ചവരുമായ ചിറവൂണ്ടയിൽകാ രുടേയും താൽക്കാലിക സ്ഥിതിഗതികൾ അറിഞ്ഞു വരു ന്നതിനായി നാം നിയോഗിച്ചയച്ചിരുന്ന നമ്മുടെ വൃദ്ധ ചാരൻ മിടാലം നീലൻ പിള്ള നമ്മുടെ ആജ്ഞാനുസാ രം നെല്ലിമൂട്ടിൽ മറച്ചു വച്ചിട്ടു പോന്നതായ സ്വൎണ്ണ നാണയങ്ങൾ മുഴുവനും നാം അന്നു പാൽ കുടിച്ചതായ ആ പശുവോ അതിൻെറ കുട്ടികളോ ഉണ്ടെങ്കിൽ അവ യുടെ കൊമ്പുകളിലും കൈകാലുകളിലും നമ്മുടെ വക യായി സ്വൎണ്ണാഭരണങ്ങൾ വാൎത്തു കെട്ടിക്കുന്നതിനു് നാം മുതലാളിയെ ചുമതലപ്പെടുത്തുന്നു.

ചിറവൂണ്ടയിലെ ധനപുഷ്ടിയും, നെല്ലിമൂട്ടിലെ ക്ഷ യവും, പരസ്പരബന്ധമുള്ളതാണെന്നു അന്നുതന്നെ നമുക്കു മനസ്സിലായിട്ടുണ്ടെങ്കിലും അനന്തരാന്വേഷണങ്ങളുടെ ഫലമായി അന്നത്തെ ബോധ്യം നമുക്കു ദൃഢമായിരിക്കു ന്നു. തന്നെയുമല്ല ധനശക്തിയും, പ്രതാപവും, പരോപ കാരാൎത്ഥം വിനിയോഗിക്കുവാൻ ഈശ്വരൻ നമ്മെ ഏ ല്പിച്ചിരിക്കുന്ന ദാനങ്ങളെന്നു് ഗ്രഹിക്കുവാൻ പോലും സാധിക്കാത്ത ദുരഹങ്കാരികളുടെ പക്കൽ ആ വക ഈ ശ്വരദാനങ്ങൾ പരോപദ്രവകരമായി പരിണമിക്കുമെ

ന്നുള്ളതിനാൽ അഗതികളെ അനാദരവോടു കൂടി നിന്നിച്ചയക്കുന്ന ചിറവണ്ടക്കാരുടെ അഹംകാര ഹസ്തങ്ങളിൽ നിന്നും ഈശ്വരൻെറ ഭൗമികസമ്പത്തുകളുടെ നടത്തുകാരൻ എന്ന നിലയിൽ നാം അവരുടെ സർവ്വസമ്പത്തുകളേയും തിരിച്ചെടുത്തു് സത്പാത്രങ്ങളിൽ ദാനം ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുന്നു'' (രാമയ്യൻെറനേരെതിരിഞ്ഞു) ''ചിറവണ്ടയിൽ തരകൻെറ വസ്തുവകകൾ എല്ലാം നിർണ്ണയപ്പെടുത്തിക്കഴിഞ്ഞുവോ?''

രാമയ്യൻ: കല്പനയനുസരിച്ചു എല്ലാം നിറവേററിയിട്ടുണ്ട്. വസ്തുവകകൾ കണ്ടുകെട്ടുന്നതിനും ഗൃഹവാസികളെ വീടിറക്കുന്നതിനും മാളിക പൊളിച്ചു നിരത്തുന്നതിനും വലിയസർവ്വാധിയും കാര്യക്കാരും നേരത്തേ പുറപ്പെട്ടു കഴിഞ്ഞു.

മ—രാ: നെല്ലിമൂട്ടിൽ നിന്നും അപഹരിച്ചെടുത്തവയും അല്ലാത്തവയുമായ ചിറവണ്ടത്തരകൻെറ വക സ്ഥാവരവസ്തുക്കൾ എല്ലാംതന്നെ നമുക്കും നമ്മുടെ പിൻഗാമികൾക്കും ഒരിക്കലും വിസ്മരിപ്പാൻ കഴിയാത്തവിധം നമ്മുടെ നേരെ കരൾ കനിവു കാട്ടിയ നമ്മുടെഅമ്മച്ചിക്കു നാം കരമൊഴിവായി ആചന്ദ്രതാരമേ സന്തതിപ്രവേശമേ സ്വൈരമായി അനുഭവിച്ചു കൊള്ളുന്നതിന് അത്യന്തംകൃതജ്ഞതയോടും, സന്തോഷത്തോടും കൂടി ദാനം ചെയ്തിരിക്കുന്നു. ഇതിനുംപുറമെ തരകൻെറ ആനയൊഴിച്ചുള്ള എല്ലാ നാൽക്കാലിമൃഗങ്ങളേയും, പശു ഒന്നിന് ഓരോ ഓട്ടു പാത്രവും നാം നമ്മുടെ അമ്മച്ചിക്കു ദാനം ചെയ്തിരിക്കുന്നു. ശേഷിച്ചസാധനങ്ങൾ, ആനകൾ, ഓട്ടുപാത്രങ്ങൾ, മററു തട്ടുമുട്ടുസാ

മാനങ്ങൾ മുതലായവ ശാസ്താംകോട്ട ശാസ്താവിന് കഞ്ഞിവീഴ്ത്തിന് നമ്മുടെ വഴിപാടായി നാം സമർപ്പിച്ചിരിക്കുന്നതു നീക്കിയുള്ള സ്വർണ്ണം വെള്ളിയാഭരണങ്ങൾ മുതലായവ നമ്മുടെ സർക്കാരിലേക്കു മുതൽ കൂട്ടുന്നതിനു നാം നിശ്ചയിച്ചിരിക്കുന്നു.

ഉ—അ: പൊന്നുതിരുമേനി,

മ—രാ: അമ്മച്ചിക്കെന്തെങ്കിലും പറവാനുണ്ടെങ്കിൽ പറയാം. അന്നത്തെ ഉണ്ണിയോടെന്നപോലെ തന്നെ സ്വാതന്ത്ര്യമായി സംസാരിച്ചുകൊള്ളാം.

ഉ—അ: പൊന്നുതിരുമേനി—അടിയന് ഒരു സങ്കടം.........

മ—രാ: എന്തെങ്കിലും പറയാമല്ലോ. നമ്മുടെ അമ്മച്ചിയുടെ ന്യായമായ ഏതൊരഭീഷ്ടത്തേയും നിവത്തിച്ചുതരുന്നതിനു നാം സദാ സന്നദ്ധനാണ്.

ഉ—അ: പൊന്നുടയതേ, അവർ സാധുക്കൾ, ബുദ്ധികെട്ടവർ, കല്പിച്ചുകൂപ്പപ്പാടെങ്കിലും--അവക്കു-

മ—രാ: (അല്പസമയം ആലോചനാഭാവത്തിൽനിന്നിട്ട്) അവർ അതിനെ അർഹിക്കുന്നില്ല, എങ്കിലും അമ്മച്ചിയുടെ അഭീഷ്ടാനുസരണം നാം പ്രവത്തിക്കുന്നതാണ്. അതിലേക്കുള്ള ഉത്തരവ് രാമയ്യൻ പ്രത്യേകം അമ്മച്ചിയെതന്നെ ഏല്പിക്കുന്നതായിരിക്കും (പടത്തലവന്റെ നേരെ തിരിഞ്ഞു്) രാജോചിതമായ ബഹുമാനങ്ങളോടും ആളകമ്പടി വാദ്യഘോഷാദികളോടുംകൂടി നമ്മുടെ അമ്മച്ചിയെ പല്ലക്കുകയററി അയക്കുന്നതിനു നാം നിശ്ചയിച്ചിരിക്കുന്നു. പടത്തലവനുംകൂടി വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു ഇന്നുതന്നെ പുറപ്പെട്ടുകൊള്ളു.

പടത്തലവൻ: റാൻ.

മ—രാ: (ഒരു വീരശൃംഖല എടുത്തു കൊണ്ടു്) കഴ്ത്തിൽ കുലക്കയറിനെ സ്വയം പ്രതീക്ഷിച്ചുവന്ന നമ്മുടെ അമ്മച്ചിയുടെ കൈയിൽ വീരശൃംഖല ചാൎത്തി അയക്കുന്നതിനു നാം നിശ്ചയിച്ചിരിക്കുന്നു. (വീരശൃംഖല അണിയിക്കുന്നു) ഉണ്ണൂണ്ണിയമ്മയും മുതലാളിയും മഹാരാജാവു തിരുമനസ്സിലെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തുവീഴുന്നു.

കർട്ടൻ

S. M. SCHOLASTICATE CHANGANACHERRY. CHETHIPUZHA

## സീൻ II

നെല്ലിമൂട്ടിൽ ഭവനം: ഉണ്ണൂണ്ണിയമ്മ ചിന്താവിഷ്ടയായി കയ്യിൽ താടിയെ താങ്ങിക്കൊണ്ടു നില്ക്കുന്നു. പീലിപ്പോസ് മുതലാളിയും വേറൊരുവനും അടുത്തു തന്നെ ഇരിക്കുന്നു.

ഉ—അ: (ഒരുവനോട്ട്) അപ്പോഠം ചിറവുണ്ടയിലെ മാളികക്കൂടിയും പൊളിച്ചുകഴിഞ്ഞുവെന്നാണോ നീ പറയുന്നതു്.

ഒരുവൻ: എൻ്റമ്മച്ചീ ഞാൻ ചെന്നപ്പോഴെക്കും എല്ലാം തറനിരപ്പായികഴിഞ്ഞു. ആ സാധു ആണ്ടാച്ചിയമ്മയുടേയും കുഞ്ഞുങ്ങളുടേയും സങ്കടം കാണണം. കന്നുകരയുന്നതു പോലയാ കരയുന്നതു്.

പീലി: അവൎക്കു ഇനിയെന്തൊരു ഗതിയാണ്!

ഉ—അ: സ്വകാൎയ്യനേട്ടങ്ങളുമൊന്നുമെടുത്തിട്ടില്ലേ?

ഒരുവൻ: ഉടുതുണിയോടു കൂടി മാത്രം പുറത്തിറങ്ങിക്കൊള്ളുന്നതിനാണു കല്പന.

ഉ—അ: ആണ്ടാച്ചിയേയും പിള്ളേരേയും ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരുവാനാണ് ഞാൻ നിന്നെയയച്ചതെന്നു പറഞ്ഞില്ലേ?

ഒരുവൻ: പറഞ്ഞു. അപ്പോഴാണവക്കു കൂടുതൽ സങ്കടം. അമ്മച്ചിയെ എന്തെല്ലാമോ ഒക്കെ പുലമ്പി. എന്നിട്ടു തൊണ്ടിയാലും അവടെയങ്ങോട്ടു ചെല്ലുന്നില്ലെന്നു പറഞ്ഞേക്കു് എന്നു പറഞ്ഞുവിട്ടു.

പീ—മു: നശിച്ചാലും ആ അഹംഭാവം വിടുകില്ല

ഉ—അ: ഞാൻ തന്നെയൊന്നു പോയെങ്കിലോ? ഞാൻ വിളിച്ചാൽ പക്ഷെ വന്നേക്കും.

പീലി: വേണ്ട അമ്മച്ചിപോയാൽ അവക്കു കൂടുതൽ ദ്വേഷം തോന്നുകയേയുള്ളു. ഞാൻ പോയി സർവ്വാധിയെ വിവരം ധരിപ്പിക്കാം. എന്നിട്ടു സർവ്വാധി അവരേയും കൂട്ടിക്കൊണ്ടുവരട്ടെ.

ഉ—അ: അതെ അതാണു നല്ലതു്.

(പീലിപ്പോസ് മുതലാളി പോകുന്നു)

ഉ—അ: ഇതൊക്കെ ദൈവനിശ്ചയമാണ്. അല്ലെങ്കിൽ നാലുനാഴികമുമ്പെ ഞാൻ വന്നുചേർന്നിരുന്നെങ്കിൽ ആ സാധുവിൻെറ വീടെങ്കിലും പൊളിപ്പിക്കാതെ കഴിക്കാമായിരുന്നു.

ഒരുവൻ: അമ്മച്ചി ഓർത്തുനോക്കു്, അവരു നമ്മോടു ചെയ്തിട്ടുള്ളതൊക്കെ ഓർത്തുനോക്കു്. പിന്നെ ദൈവം എങ്ങിനെയാണു കണ്ണുമടച്ചിരിക്കുന്നതു്!

(പിലിപ്പോസ്, മുതലാളി, സർവ്വാധി, ചിറമുണ്ട ത്തരകൻ, ആണ്ടാച്ചിയമ്മ, പുത്രൻ, പുത്രി, എന്നിവർ പ്രവേശിക്കുന്നു.)

ഉ—അ: (ഓടിച്ചെന്നു് ആണ്ടാച്ചി അമ്മയുടെ കഴുത്തിൽകെട്ടി വീണുകൊണ്ടു്) എന്റെ ജ്യേഷ്ഠത്തി എന്നോടു യാതൊരു പരിഭവവും തോന്നല്ലേ.

ആ—അ: അതേടീ എനിക്കെല്ലാമറിയാം. നിന്റെ ഒരനുഗ്രഹവും ഇങ്ങുവേണ്ട (സർവ്വാധിയേ കാട്ടിക്കൊണ്ടു്) അങ്ങേരു വിളിച്ചിട്ടാണു ഞാനിങ്ങുപോന്നതു്. അല്ലെങ്കിൽ ഇവിടെ കാലെടുത്തു് കുത്തുകില്ലായിരുന്നു.

സർവാധി: ചിറമുണ്ടയിലെവക അമ്മച്ചിയെ ഏല്പിക്കുവാൻ കല്പനയായിട്ടുള്ള സകലസ്ഥാവര ജംഗമ സൊത്തുക്കളും ഇങ്ങോട്ടേല്പിച്ചുള്ള നീട്ടാണിതു് (ഒരു വാറോല അമ്മച്ചിയെ ഏല്പിക്കുന്നു) ഇതിൽ യാതൊരുവകയും ചിററണ്ടുക്കാൎക്കു തിരിച്ചുകൊടുക്കുവാൻ അവകാശമില്ലെന്നു് പ്രത്യേകം നീട്ടിൽ കല്പനയായിട്ടുണ്ടു്. എന്നാൽ ഞാനിനി പോകട്ടെ.

ഉ—അ: ഇതാ വേറൊരു കല്പനഞാനും കൊണ്ടു വന്നിട്ടുണ്ടു്. കഷ്ടം! ഞാൻ വന്നെത്തുവാൻ അല്പം താമസിച്ചുപോയി. അതുകൊണ്ടു് നിങ്ങൾ ആ കെട്ടിടം കൂടി നിരത്തിക്കളഞ്ഞു ഇനി ആ തറയെങ്കിലും ഈ സാധുക്കളെ തിരിച്ചേല്പിക്കണം.

(കല്പന സർവാധിയെ ഏല്പിക്കുന്നു.)

ആ—അ: (അൽഭുതഭരിതയായി ഉണ്ണൂണ്ണിഅമ്മയെ തുറിച്ചുനോക്കുന്നു) ഏതു? ചിറമുണ്ടയിലെ പുരയിടമോ

ഉ—അ: അതെ ജ്യേഷ്ഠത്തി ഞാൻ തിരുമേനിയോടുകേണിരന്നിട്ട് അത്രയുമെങ്കിലും കല്പിച്ചനുവദിച്ചു.

ആണ്ടാച്ചിയമ്മ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് ഉണ്ണൂണ്ണിഅമ്മയെ ആലിംഗനം ചെയ്യുന്നു.

ആ—അ: എന്റെഅനുജത്തീ,

ഉ—അ: പ്രിയജ്യേഷ്ഠത്തി,

പരസ്പരം ആലിഗനം ചെയ്തുനില്ക്കുന്നു.

ശുഭം.

തിരുവിതാംകൂർ മെയിൽ പ്രസ്സ്, തിരുവനന്തപുരം.

# ശങ്കരഗിരി.

## അതിരസകരമായ ഒരു ചരിത്രാഖ്യായിക.

ഗ്രന്ഥകൎത്താ

ശ്രീമാൻ ജോൺ പീററർ തോട്ടം ബി. ഏ.,

വില രൂ. ൧ൽ

"............സ്നേഹിതൻെറ ഈ പ്രഥമസന്താനത്തിൻെറ യഥാൎത്ഥ മാഹാത്മ്യം അതു് അൎഹിക്കുന്ന വിധത്തിൽ ലോകം മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ശങ്കരഗിരി ക്രിസ്തീയസമുദായത്തിനും മലയാളഭാഷയ്ക്കും ഒരു അമൂല്യനിധിയാണെന്നു മാത്രമല്ല, ഓരോ തലമുറ കഴിയുന്തോറും അതിൻെറ തേജസ്സ് ഒന്നിനൊന്നു വൎദ്ധിച്ചുതന്നെ വരികയും ചെയ്യും....ശങ്കരഗിരിയിലെ പല ഭാഗങ്ങളും കഥാഘടനയിലും വൎണ്ണനാചാതുരിയിലും സി. വി. യുടെ ഒന്നാം തരം കൃതികളെപ്പോലും അതിശയിക്കുന്നുണ്ടെന്നു പറവാൻ എനിക്കു ധൈൎയ്യം തോന്നുന്നുണ്ടു്. ...യാദൃച്ഛികമായി കൈയിൽ കിട്ടിയ ഒരു പ്രതി ദ്രുതഗതിയിൽ ഒന്നു മറിച്ചുനോക്കുന്നതിനുദ്യമിച്ച എനിക്കു പുസ്തകം തീൎന്നല്ലാതെ അതു താഴെ വയ്ക്കുന്നതിനു സാധിച്ചില്ല. ......അവിടത്തെ ഈ ആദ്യകൃതിയേപ്പററി എനിക്കു തോന്നിയ അഭിപ്രായം എഴുതി അയയ്ക്കുന്നതു് അഹിതകരമായിരിക്കയില്ലല്ലോ......"

ചിത്രമെഴുത്തു

16—4—106 കെ. എം. വറുഗീസ്.

മാവേലിക്കര

# ഗീതാവലി.

ഗ്രന്ഥകർത്രി.

ശ്രീമതി മേരി ജോൺ തോട്ടം

(തിരുവിതാംകൂർ ഗവർമെൻറിൽ നിന്നും ഹൈസ്കൂൾ ക്ലാസ്സുകളിലേക്കും, മദ്രാസ് യൂണിവേഴ്സിററിയിൽ നിന്നും കാളേജ് ക്ലാസ്സുകളിലേക്കും പാഠ്യപുസ്തകമായി എടുത്തിട്ടുള്ളതു്.)

വില അണ ൮.

"......എൻെറ യുവസഹോദരി ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്താൽ ശാശ്വതമായ കവിയശസ്സിന് അവകാശിനിയായി പരിണമിച്ചിരിക്കുന്നു. ഇത്ര വാസനാവൈഭവമുള്ള യുവതികളെ ഹിന്ദുസമുദായത്തിൽ പോലും വളരെ വിരളമായി മാത്രമേ ഞാൻ കാണുന്നുള്ളു......"

കവിതിലകൻ
ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ

# മണ്ണാക്കാട്ടുമാടമ്പി

(രസകരമായ ഒരു ചരിത്രാഖ്യായിക)

ഗ്രന്ഥകത്താ

ജോൺ പീററർതോട്ടം. ബി. ഏ.,

വില രൂ ൧.

൧൯–ാം നൂററാണ്ടിന്റെ ആദിമഘട്ടത്തിൽ ഉത്തരതിരുവിതാംകൂറിന്റെ രാഷ്ട്രീയവും സാമുദായികവുമായ സ്ഥിതി എന്തായിരുന്നു എന്നു അറിയണമെന്നുള്ളവർ രസസ്പൂത്തി വഴിഞ്ഞൊഴുകുന്ന ഈ കഥ ഒരാവത്തി വായിക്കേണ്ടതാണ്. മതപരിവത്തനം ചെയ്ത കമലം സ്വബന്ധുക്കളുടെ പ്രതികാരപ്രവാഹത്തിൽ നിന്നും വിമുക്തിനേടുന്നതിനും സ്വകാമുകനായ ആ വനചരനെ പ്രാപിച്ചു ജന്മസാഫല്യമടയുന്നതിനും വേണ്ടി അനുദിനമനുഭവിക്കുന്ന ക്ലേശങ്ങളും വിടരാട്ടായ കുഞ്ഞുണ്ണിക്കത്താവിന്റെ ലലനാലമ്പട പ്രാഗത്ഭ്യങ്ങളും, സ്വാമിഭക്തനും സരസനുമായ വൃദ്ധതാത്തന്റെ അഭിനയചാതുരികളും, മാടമ്പിയുടെ പ്രതികാരബുദ്ധിയോടിടഞ്ഞ പ്രേമചാപല്യങ്ങളും ഏതൊരു രസജ്ഞന്റെ ഹൃദയത്തേയും ചലിപ്പിക്കാതിരിക്കയില്ല. ഈ നോവൽ നസ്രാണിദീപികയിൽ ഖണ്ഡശ: പ്രസിദ്ധപ്പെടുത്തി പലരുടെയും പ്രശംസയ്ക്കു പാത്രമായിട്ടുള്ളതാണ്.

# ചണ്ഡാളപുത്രി

---

(൧൯൩൫-ലെ മലയാളം ഹയ്യർ പരീക്ഷയ്ക്കു് പാഠ്യപുസ്തകമായി നിശ്ചയിച്ചിരിക്കുന്നതു്.)

ഗ്രന്ഥകർത്താ

ജോൺപീററർതോട്ടം. ബി. ഏ.,

വില. അണ ൧൨.

"......നല്ലൊരു സാഹിത്യകാരനായ ശ്രീമാൻ ജോൺ പീററർതോട്ടം എഴുതിയ ഈ ചണ്ഡാളപുത്രി വായനക്കാരെ ഹഠാദാകർഷിക്കുന്ന ഒരു രസകരമായ ആഖ്യായികയാണു്. സത്യം, നീതി, ചാരിത്രശുദ്ധി, എന്നിവയെ ആലംബമാക്കി വിവിധങ്ങളായ കഷ്ടപ്പാടുകളോടു് എതിരിട്ടു് ജീവിത പന്ഥാവിൽ വിഹരിച്ചനായികയായ മേരി (ചണ്ഡാളപുത്രി) യുടെ ദൃഢമനസ്കതയും സ്വഭാവ വൈശിഷ്ട്യവും പ്രശംസാർഹമായിരിക്കുന്നു. കഥാസംഘടനയിലും പാത്രസൃഷ്ടിയിലുമുള്ള സാമർത്ഥ്യത്തിലാണു് ഒരു ആഖ്യായികാകാരന്റെ വിജയം സ്ഥിതിചെയ്യുന്നതെങ്കിൽ ചണ്ഡാളപുത്രിയെ സംബന്ധിച്ചിടത്തോളം ഗ്രന്ഥകാരന്റെ പ്രയത്നം വിജയപ്രദമായി തന്നെ കാണപ്പെടുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു ..."

മലയാളമനോരമ.

ഞങ്ങളുടെ മററു പ്ര

൧. വി: ലൂയിസ് ഗേ
ജീവചരിത്രസംക്ഷേപം.

൨. ആതങ്കം. (ജോൺ പീററർ തോട്ടം ബി. ഏ.,) അതിരസകരമായ ഒരു ചെറുകഥ. ചക്രം ൩൪.

൩. തച്ചിൽ തരകൻെറ സുവർണ്ണകമലം. തച്ചിൽ ഇല്ലക്കാരുടെ ദാനനാന്തരംമുതൽ തരകൻെറ വൻ.. മത്തെ വയസ്സിൽ തിരുവനന്തപുരത്തുവന്നു രാജസേവനം ആരംഭിക്കുന്നതുവരെയുള്ള മാത്തുത്തരകൻെറ കുടുംബചരിത്ര സംക്ഷേപം.

൪. മാത്തുത്തരകൻ. (ഒരു ഗദ്യനാടകം.) ചക്രം ൬.

൫. ചെറുപുഷ്പത്തിൻെറ ബാല്യകാലസ്മരണകൾ. (മേരി ജോൺ തോട്ടം.) ചക്രം ൩.

൬. വാണിജ്യ വൃത്താന്ത സംഗ്രഹം. വ്യവസായപരവും വാണിജ്യപരവുമായ വിലയേറിയ പല അറിവുകളും ഇതിൽനിന്നും ലഭിക്കുന്നതാണ്. ചക്രം ൮.

൭. പ്രഭാതപുഷ്പം. (ശ്രീമതി കുത്താട്ടുകളം മേരി ജോൺ) വിശേഷതരമായ പല ഖണ്ഡകൃതികൾ കൂട്ടിച്ചേർത്തു തയ്യാറാക്കിയിട്ടുള്ളതു്. ണ. ൬.

൮. കവിതാരാമം. ൧൧൦൮-ൽ ഇംഗ്ലീഷ് സ്കൂൾ മൂന്നാംഫാറത്തിലേക്കു പാഠ്യപുസ്തകമായി നിശ്ചയിച്ചിരിക്കുന്നതു്.

അപേക്ഷിക്കുക.

ജോൺ പീററർ തോട്ടം ബി. ഏ.,
കലാവിലാസിനി പബ്ലിഷിംഗ് ഹൌസ്,
തിരുവനന്തപുരം.

DC Library
*00003899*
T62 T37

T62
·37

# മാർത്താണ്ഡമാതാ

T62
T37

ജോൺ പീററർ തോട്ടം ബി. ഏ.,